# 2023-24

# തിളക്കം

THILAKKA!

Holy Family HS Kattippara 2022-25
Kattippara , Kozikode, Kerala
673615


HOLY FAMILY UP HIGH SCHOOL
HOLYFAMILY
KATTIPPARA
alme 9 5G

# എഡിറ്റോറിയൽ ബോർഡ്

## അധ്യാപക പ്രതിനിധികൾ

- മേരി എബ്രഹാം
- നിഷ ജോർജ്

## വിദ്യാർത്ഥി പ്രതിനിധികൾ

ലിറ്റിൽ കൈറ്റ്സ് 2022-25 ബാച്ച്

ഡിസൈനർ

മുബഷിർ
ഫാത്തിമ സഹ്‌ല
റിയ മെഹ്‌റിൻ



കട്ടിപ്പാറ ഹോളി ഫാമിലി ഹൈസ്കൂളിലെ 2022- 25 ലിറ്റിൽ ബാച്ച് മാഗസിൻ തയ്യാറാക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം ഈ സദുദ്യമത്തിന് പിന്നിൽ പ്രവർത്തിച്ച എല്ലാ കുട്ടികൾക്കും അവരെ അതിനായി ഒരുക്കിയ അധ്യാപകർക്കും അഭിനന്ദനങ്ങളും ആശംസകളും അറിയിക്കുന്നു

- Rev. Fr. Milton Mulangassery

## Manager

# Headmistress

**കുട്ടികളുടെ സർഗ്ഗശേഷി വർദ്ധിപ്പിക്കാനും ആധുനിക രീതിയിലുള്ള വായനയെ പ്രോത്സാഹിപ്പിക്കാനും സഹായിക്കുന്ന ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്ന 2022 -25 ബാച്ചിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് എല്ലാവിധ ആശംസകളും അനുമോദനങ്ങളും അറിയിക്കുന്നു**

- Bessy K.U



# CONTENT

07 **ചരിത്രം**
ഹോളി ഫാമിലി ഹൈസ്കൂൾ കട്ടിപ്പാറ 2022-25

12 **മുൻ സാരഥികൾ**
സ്കൂളിന്റെ മുൻ പ്രധാനാദ്ധ്യാപകർ.

13 **സ്കൂളിലെ പ്രധാന പ്രവർത്തനങ്ങൾ**
പ്രവർത്തനങ്ങൾ

31 **അറിയാതെ പറയാതെ**
വിസ്മയ VK


32 **അമ്പിളി അമ്മാവാ**
ശ്രിദേവിക MP

33 എന്റെ പ്രകൃതി
അംന ഫാത്തിമ PV

36 ജിറാഫിന്റെ നൃത്തം
ഷഹാന ഷെറി


45 വിത്യസ്ത ഗുണപാഠമുള്ള കഥകൾ
പ്രവർത്തനങ്ങൾ

68 വേട്ടക്കാരനും 4സുഹൃത്തുക്കളും
വിത്യസ്ത ഗുണപാഠമുള്ള കഥകൾ


HOLY FAMILY HS
07
05

കോഴിക്കോട് ജില്ലയിലെ ഒരു
മലയോര ഗ്രാമമാണ് കട്ടിപ്പാറ.
കൊടുവള്ളി നിയോജക മണ്ഡലത്തിൽ
പെട്ട കട്ടിപ്പാറ പഞ്ചായത്തിലെ ഏക
ഹൈസ്കൂളാണ് ഹോളീഫാമിലി






Holy Family HS
Kattippara

# REPORT

1982

07

കുടിയേറ്റ പിതാക്കന്മാരുടെ പാവന സ്മരണകൾ ഉറങ്ങുന്ന മണ്ണിൽ കട്ടിപ്പാറ ഗ്രാമത്തിന്റെ മുഴുവൻ ആഗ്രഹത്തിന്റെ പ്രാർത്ഥനയുടെയും സ്വപ്നങ്ങളുടെയും സാക്ഷാത്ക്കാരമായി തലയെടുപ്പോടെ ഉയർന്നു നിൽക്കുന്ന വിജ്ഞാനകേന്ദ്രമാണ്. കട്ടിപ്പാറ ഹോളി ഫാമിലി ഹൈസ്ക്കൂൾ യശ:ശരീരനായ കൊട്ടുകപ്പിള്ളിയച്ചന്റെ ദീർഘവീക്ഷണവും പൂർവികരുടെ അധ്വാനവും കൂട്ടായ്മയും ഒത്തുചേർന്നതിന്റെ ഫലമായി 1982-ലാണ് തിരുകുടുംബ വിദ്യാലയം രൂപം കൊണ്ടത് ഹോളി ഫാമിലി എന്ന പേരിന്റെ അർത്ഥവും പാവനതയും കാത്തു സൂക്ഷിച്ചുകൊണ്ട്, മാനവിക മൂല്യങ്ങളും ജനാധിപത്യ വിശ്വാസവും വിദ്യാഭ്യാസ ലക്ഷ്യങ്ങളും പൂർണ്ണമായി ഉൾക്കൊണ്ട് പ്രവർത്തനനിരതമായ ഒരു അധ്യായന വർഷത്തിന്റെഅവസാനഘട്ടത്തിലേക്ക് നാം പ്രവേശിച്ചിരിക്കുന്നു. പഠനമികവ് ഒട്ടും ചോർന്ന് പോകാതെ തന്നെ ശാസിപ്രം, സാങ്കേതിക, കലാ, കായിക, മേഖലകളിൽ എല്ലാം തിളക്കാമാർന്ന വിജയം നേടാൻ കഴിഞ്ഞു ചാരിതാർത്ഥ്യത്തോടെ 2023-24 അധ്യയന വർഷത്തെ പ്രവർത്തനറിപ്പോർട്ട് അവതരിപ്പിക്കുകയാണ്.

മധ്യവേനൽ അവധിയിൽ തന്നെ പുതിയ അധ്യയനവർഷ പ്രവർത്തനങ്ങൾ ആരംഭിച്ചു. 2023 മെയ് 3-ാം തീയതി അഡ്മിഷൻ ആരംഭിക്കുകയും മെയ് 10 മുതൽ 16വരെ ' ജ്വാല' സപ്തദിന ക്യാമ്പ് 8-ാം ക്ലാസ് വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കുകയും ചെയ്തു.ജീവന-ചലചിത്രാസ്വാദനം , തശ്കീൽ-അറബി കാലിഗ്രാഫി, ജിഷനെ-ഉറുദു, രംഗിലി-ഹിന്ദി , vive-ഇംഗ്ലിഷ്, ഗണിതം-ലളിതം,ശാസ്ത്ര പരീക്ഷണരസം, സാമൂഹ്യ ശാസ്ത്ര ഡോക്കുമെന്ററി പ്രദർശനം കമ്പ്യൂട്ടർ പരിശീലനം , സ്വരമഴ-സംഗീതശില്പശാല, നറുമലർ-പിരവർത്തിപരിചയം,ശില്പശാല,ഫുട് ബോൾ പരിശീലനം എന്നിങ്ങനെ അദ്ധ്യാപകന്ന് മികച്ച അംഗീകരമായിരുന്നു . എല്ലാ പരിശ്രമങ്ങളുടെയും വിജയമാണ് S.S.L.C യുടെ ചരിത്ര വിജയത്തിലൂടെ നാം അനുഭവിച്ചത് .195 കുട്ടികൾ പരീക്ഷ എഴുതി . 17 പേർ ഫുൾ A+ ഓടുകൂടി വിജയിച്ചു . ആറുപേർ 9 A+ നേടി 195 പരീക്ഷകളിൽ 16 D+ കൾ മാത്രമേ ഉള്ളൂ എന്നത് സമ്പൂർണ്ണ വിജയത്തിന്റെ മാറ്റു കൂട്ടുന്നു.രും ഒത്തു ചേർന്നുനിന്ന പ്രവർത്തനമായിരുന്നു അത് . ക്ലാസുകളുടെയെല്ലാം

വിജയമാണ് S.S.L.C യുടെ ചരിത്ര വിജയത്തിലൂടെ നാം അനുഭവിച്ചത് .195 കുട്ടികൾ പരീക്ഷ എഴുതി . 17 പേർ ഫുൾ A+ ഓടുകൂടി വിജയിച്ചു . ആറുപേർ 9 A+ നേടി 195 പരീക്ഷകളിൽ 16 D+ കൾ മാത്രമേ ഉള്ളൂ എന്നത് സമ്പൂർണ്ണ വിജയത്തിന്റെ മാറ്റു കൂട്ടുന്നു.

അവധികാലത്ത് നമ്മുടെ വിദ്യാലയം പിരവർത്തനനിരതമയിരുന്നു. പുതിയ അധ്യയന വർഷത്തെ ഹെഡ്മാസ്റ്റർ അബ്രാഹം സാറിന്റെ കൃതിയമായ ഉൾക്കാഴ്ചയോടെയാണ് വരവേറ്റത് . ഭൗതിക സാഹചാര്യങ്ങൾ മെച്ചപ്പെടുത്തിയിരിക്കുന്നു. കഴിഞ്ഞ അധ്യയനവർഷത്തേക്കാൾ കൂടുതൽ കുട്ടികൾ വിദ്യാലയത്തിലെത്തിയതിന്റെ സന്തോഷം പ്രവേശനോത്സവത്തിന്റെ മാറ്റുക്കൂട്ടി. തദ്ദേശ ഭരണകൂടം, സ്കൂൾ പി.ടി.എ ,ജനപ്രതിനിധികൾ, മാനേജ്മെന്റ്, ഗ്രമവാസികൾ, എന്നിവരുടെയെല്ലാം സഹകരണത്തോടെ പ്രവേശനോത്സവം ഉത്സവമാക്കി . കട്ടിപ്പാറ ഗ്രാമപഞ്ചായത്ത് ആരോഗ്യ- വിദ്യാഭ്യാസ സാന്റിംഗ്കമ്മിറ്റി ചെയർ പേഴ്സൺ പ്രവേശനോത്സവ ഉദ്ഘാടനം . സ്കൂൾ മാനേജർ റവ: ഫാദർ നവാഗതകർക്ക് പേനയുടെ മധുരമൊഴികളും നൽകി സ്വീകരിച്ചു .321 ആൺക്കുട്ടികളും 307 പെൺമക്കളുമടക്കം ഈ വർഷം 628കുട്ടികളാണ് നമുക്കുള്ളത്.അധ്യാപകരായ ജാസ്മിൻ ജോർജ്ജ്, സിസ്റ്റർ ലെറ്റിൻ, ഷിബിൽ ജോസ്, റീന വർഗ്ഗീസ് ,ഓഫീസ് അറ്റന്റന്റ് നിധിൻ ജോസ് എന്നിവർ സ്ഥലം മാറിപ്പോയി . ആ ഒഴിവിൽ സിസ്റ്റർ ,ഡെന്നീസ് .വി ഫ്രാൻസിസ്,സിസ്റ്റർ ആഗ്നസ് ജോസഫ് , റിൻസി വർഗ്ഗീസ് എന്നിവരും ആൻസി ടീച്ചറിന്റെ ഒഴിവിൽ ദീപാ സാവൂജും എത്തി. നിധിൻ ജോസിന് പകരമായി നിധിൻ ജോയ് എത്തി. സ്കൂൾ മാനേജർ റവ:ഫാദർ റോയ് കൂനാനിക്കൽ സ്ഥലം മാറിപ്പോയി റവ :ഫാദർ റോയ് വള്ളിയാം തടം ചുമതലയേറ്റു.

S.S.L.C പരൂക്ഷയിൽ ചരിത്ര വിജയം കൈവരിച്ചതിലെ സന്തോഷം ' ധന്യം. 2019' എന്ന പരിപാടിയിൽ പങ്കുവച്ചു. ജൂൺ 15 ശനിയാഴ്ച വിജയികളെയും വിജയശില്പികളെയും ആദരിക്കുന്ന ചടങ്ങ് ' ധന്യം. 2019' ബഹുമാനപ്പെട്ടMLA കാരാട്ട് റസാഖ് ഉദ്ഘാടനം ചെയ്തു ക്ലബ് പ്രവർത്തനങ്ങളുടെ യെല്ലാം പാക്കേജായ വിജയാമൃതം 2019 ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. നിധീഷ് കല്ലിള്ളത്തോട് ഉദ്ഘാടനം ചെയ്തു ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീ. നജീബ് കാന്തപുരം ഉപഹാരങ്ങൾ വിതരണം ചെയ്തു. എൻഡോവ്മെന്റുകളും വിതരണം ചെയ്തു.

ജുൺ 16-നമ്മുടെ പ്രതിഭകൾ ആകാശവാണി കോഴിക്കോട് നിലയത്തിന്റെ 'പൂക്കുട' എന്ന പരിപാടിയിലൂടെ ശ്രോതാക്കളെ ആനന്ദിപ്പിച്ചു. 'പൂക്കുട' യിൽ വ്യത്യസ്ത പുലർത്തിയ , മികച്ച നിലവാരമുള്ള പരിപാടികൾ അവതരിപ്പിച്ച പ്രതിഭകൾ നിരവധി പേരുടെ അഭിനന്ദനങ്ങൾ ഏറ്റുവാങ്ങി.

കാർഷികസ്വപ്നങ്ങൾക്ക് പൂർണ്ണതയേകുന്ന ഹരിതശ്രീ കാർഷികക്ലബ് 'നല്ലപാഠ'ത്തിന്റെ ആഭിമുഖ്യത്തിൽ ഒരേക്കർ കൃഷിയിടത്തിൽ സമീകൃത കൃഷി ആരംഭിച്ചു. കരനെൽ കൃഷിയുടെ ഉദ്ഘാടനം ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് നിധീഷ് കല്ലുള്ളത്തോട് വിത്തു വിതച്ച് നിർവഹിച്ചു . വികസന കാര്യ സാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺ മദാരി ജുബൈരിയ അധ്യക്ഷയായിരുന്നു

കൃഷി ഓഫീസർ മുഹമ്മദ് ഫൈസൽ , പാരമ്പര്യ കർഷകൻ ചന്തുക്കുട്ടി, പി.ടി.എ പ്രസിഡന്റ് ബാബു വി.പി എന്നിവരെല്ലാം കൃഷി അറിവുകൾ പകർന്നു.നാലു മാസങ്ങൾക്ക് ശേഷം മുണ്ടകൻ വിളവെടുപ്പിന്റെ ഉദ്ഘാടനവും നിധീഷ് കല്ലുള്ളത്തോട് നിർവ്വഹിച്ചു. നമ്മൾ ഉണ്ടാക്കിയ നെല്ല് കൊയ്ത് , നമ്മൾ പായസം വച്ച് മുഴുവൻ കുട്ടിൾക്കും നൽകി. പായസം തയ്യാറാക്കിയത് പി.ടി. എപ്രസിഡന്റ് ശ്രീ ബാബുവിന്റെ നേതൃത്വത്തിലായിരുന്നു.

# മുൻ സാരഥികൾ

## സ്കൂളിന്റെ മുൻ പ്രധാനാദ്ധ്യാപകർ.





1982 - 84 അലക്സാണ്ടർ കെ എ
1984 - 87 സി റ്റി ജോസഫ്
1987 - 89 സിസ്റ്റർ. ലീന
1989 - 92 ജോർജ്ജ് ഉതുപ്പ്
1992 മാത്യു കാനാട്ട്
1992 - 94 മൈക്കിൾ പി ഐ
1994 - 95 പി എ ആന്റണി
1995 - 98 ജോസഫ് കെ ജെ
1998 - 2002 ജോൺ റ്റി ജെ
2002 -2007 ബേബി മാത്യു
2007 - 2008 എം.വി ജോസ്
2008 - 2010 എം വി വൽസമ്മ
2010 - 12 ലില്ലി തോമസ്
2012 - 14 കെ ജെ ആന്റണി
2014 - 15 വി ഡി സേവ്യർ
2015-2017 തങ്കച്ചൻ എ എം
2017 - 2018 മറിയാമ്മ ചെറിയാൻ
2018 - 2021 അബ്രാഹം എം.എ
2021 onwards ബെസ്സി കെ.യു

# സ്കൂളിലെ പ്രധാന പ്രവർത്തനങ്ങൾ

## യോഗ ദിനം ആചരിച്ചു.




കട്ടിപ്പാറ ഹോളി ഫാമിലി ഹൈസ്കൂളിൽ യോഗ ദിനത്തോടനുബന്ധിച്ച് യോഗ ക്ലാസും യോഗ പരിശീലനവും നടത്തി.യോഗ ക്ലാസുകൾ കട്ടിപ്പാറ ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറിയിലെ ഡോക്ടർ ജയശ്രീ നയിച്ചു.സ്കൂൾ ഹെഡ്മിസ്ട്രസ് ബെസി കെ.യു, കായികാധ്യാപകൻ മെൽബിൻ തോമസ് എന്നിവർ സംസാരിച്ചു.

# ലോക ലഹരി വിരുദ്ധ ദിനം ആചരിച്ചു




കട്ടിപ്പാറ ഹോളി ഫാമിലി ഹൈസ്കൂളിൽ ലോക ലഹരി വിരുദ്ധ ദിനം വിവിധ പരിപാടികളോടെ ആചരിച്ചു.സ്കൂൾ അസംബ്ലി ചേരുകയും ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലുകയും ചെയ്തു, സ്കൂൾ ഹെഡ്മിസ്ട്രസ് ബെസി കെ യു,സീനിയർ അധ്യാപിക ജിസിജോസ് , വിദ്യാർത്ഥിപ്രതിനിധി ലീഷതെരേസ് തോമസ് എന്നിവർ ലഹരി വിരുദ്ധ സന്ദേശം നൽകി.ബാന്റിന്റെ അകമ്പടിയോടുകൂടി ലഹരിവിരുദ്ധ സന്ദേശ റാലി നടത്തി. കട്ടിപ്പാറ പഞ്ചായത്ത് ഗ്രൗണ്ടിൽ വിദ്യാർത്ഥികൾ ഒന്നിച്ചുചേർന്ന് മനുഷ്യ ചങ്ങല തീർത്തു.താമരശ്ശേരി സിവിൽ എക്സൈസ് ഓഫീസർ ശ്രീ. ഷാജു സി.ബോധവൽക്കരണ ക്ലാസെടുത്തു. പോസ്റ്റർ നിർമ്മാണം, പ്ലക്കാർഡ് നിർമ്മാണം, ഉപന്യാസം, പ്രസംഗം , ക്വിസ്സുടങ്ങി വിവിധ മത്സരങ്ങൾ സംഘടിപ്പിച്ചു. സ്കൂൾ ജാഗ്രത സമിതി കൺവീനർ സിസ്റ്റർ ഷൈനി റോസ്, സ്മിത്ത് ബേബൽ, ജേക്കബ് മാത്യു, മെൽബിൻ തോമസ്, കിരൺ ജോസഫ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

# അൽഫോൻസാ ദിനം ആചരിച്ചു



കട്ടിപ്പാറ ഹോളി ഫാമിലി ഹൈസ്കൂളിൽ അൽഫോൻസാ വാരാചരണത്തിന്റെ ഭാഗമായി അൽഫോൻസാ ദിനം വിവിധ പരിപാടികളോടെ ആചരിച്ചു.സ്കൂൾ മാനേജർ ഫാ.മിൽട്ടൻ മുളങ്ങാശേരി അധ്യക്ഷത വഹിച്ച പരിപാടിയിൽ ഹെഡ്മിസ്ട്രസ് ബെസി കെ.യു, വിദ്യാർത്ഥി പ്രതിനിധി അലോണ ഡെന്നിസ് എന്നിവർ ദിനത്തിന്റെ സന്ദേശങ്ങൾനൽകി. ലീഷ തെരേസ തോമസ്, ലിയ ആൻ തോമസ് എന്നിവർ ചേർന്ന് അൽഫോൻസാ സൂക്തങ്ങൾ അവതരിപ്പിച്ചു.. സ്കൂൾ ഗായക സംഘം അൽഫോൻസാമ്മയെക്കുറിച്ചുള്ള പാട്ടുകൾ പാടുകയും ചെയ്തു. കുട്ടികൾക്കായി ചിത്രരചന, അൽഫോൻസാ സൂക്തങ്ങൾ എഴുതൽ , പ്രസംഗം എന്നീ മത്സരങ്ങൾ നടത്തുകയും മത്സര വിജയികളായവർക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്തു. സഹനത്തിന്റെയും സേവനത്തിന്റെയും പ്രതീകമായി ജീവിച്ച് വിശുദ്ധയായി മാറിയ അൽഫോൻസാമ്മയെക്കുറിച്ച് മനസിലാക്കാനും ആ വിശുദ്ധയുടെ ജീവിത മാതൃക പിൻതുടരാനുള്ള പ്രേരണ നൽകാനും ഈ പരിപാടികളിലൂടെ സാധിച്ചു. കലാപരിപാടികൾക്കു ശേഷം കുട്ടികൾക്ക് മധുര പലഹാരം നൽകുകയും ചെയ്തു. ടീച്ചർ പ്രധിനിധി സി. ലൗലി കെ കെ പരിപാടികൾക്ക് നേതൃത്വം നൽകി.

# പിടിഎ ജനറൽ ബോഡിയും ബോധവൽക്കരണ ക്ലാസും




കട്ടിപ്പാറ ഹോളിഫാമിലി ഹൈസ്കൂളിൽ പിടിഎ ജനറൽബോഡിയും രക്ഷിതാക്കൾക്കുള്ള ബോധവൽക്കരണ ക്ലാസും സംഘടിപ്പിച്ചു. ഡ്രീം കോഴിക്കോടിന്റെ ജില്ലാതല കോർഡിനേറ്ററായ അതുൽ എൻ.ജോണി ക്ലാസ്സുകൾ നയിച്ചു.കുട്ടികളുടെ എല്ലാതലത്തിലുമുള്ള വികാസത്തിൽ രക്ഷിതാക്കളുടെ പങ്കിനെക്കുറിച്ചും കുട്ടികളുടെ സുരക്ഷിതത്വത്തിനായി രക്ഷിതാക്കൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചും അദ്ദേഹം ക്ലാസ്സിൽ സംസാരിച്ചു.

ബോധവൽക്കരണ ക്ലാസിനു ശേഷം നടന്ന പിടിഎ ജനറൽബോഡി യോഗത്തിൽ ഹെഡ്മിസ്ട്രസ് ബെസി കെ.യു സ്വാഗതം ആശംസിച്ചു .പിടിഎ പ്രസിഡണ്ട് ശ്രീ ജോഷി മണിമല അധ്യക്ഷത വഹിച്ച യോഗത്തിന്റെ ഉദ്ഘാടന കർമം സ്കൂൾ മാനേജർ ഫാദർ മിൽട്ടൺ മുളങ്ങാശ്ശേരി നിർവഹിച്ചു. കുട്ടികളുടെ കാര്യത്തിൽ മാതാപിതാക്കൾ എത്രമാത്രം ശ്രദ്ധയുള്ളവരായിരിക്കണമെന്ന് ഹെഡ്മിസ്ട്രസ്സും മാനേജരും പിടി എപ്രസിഡണ്ടും രക്ഷിതാക്കളെ ഓർമിപ്പിച്ചു .സ്റ്റാഫ് സെക്രട്ടറി സിസ്റ്റർ ലൗലി കെ.കെ വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. കേരള സംസ്ഥാന മികച്ച ഫുട്ബോൾ റഫറിയായി തിരഞ്ഞെടുക്കപ്പെട്ട കട്ടിപ്പാറ ഹോളി ഫാമിലി ഹൈസ്കൂൾ കായിക അധ്യാപകൻ മെൽബിൻ തോമസിനെ ചടങ്ങിൽ ആദരിച്ചു . അധ്യാപക പ്രതിനിധി സിസ്റ്റർ ഷൈനി റോസ് പരിപാടിക്ക് നന്ദി അറിയിച്ചു.

# തൊഴിൽ പരിശീലനം




കട്ടിപ്പാറ ഹോളി ഫാമിലി ഹൈസ്കൂളിൽ പ്രവൃത്തി പരിചയ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സീഡ് അംഗങ്ങൾക്കും സ്കൗട്ട് ആൻഡ് ഗൈഡ് കുട്ടികൾക്കും വേണ്ടികുട നിർമ്മാണ പരിശീലനം നടത്തി. സ്കൂൾ ഹെഡ്മിസ്ട്രസ് ബെസി കെ.യു പരിശീലന പരിപാടിയുടെ ഉദ്ഘാടനം നടത്തി. ഗാന്ധി സെന്റർ ഫോർ റൂറൽ ഡവലപ്മെന്റ് കോർഡിനേറ്റർ സി. കെ വിനിരാജ് കുട്ടികൾക്ക് കുട നിർമ്മാണത്തിനുള്ള പരിശീലനം നൽകി.
പ്രവൃത്തിപരിചയക്ലബ്ബ് കൺവീനറായ സിന്ധു മാത്യു , സീഡ് കോർഡിനേറ്റർ നാഫില പി എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

# ഹിരോഷിമ-നാഗസാക്കി ദിനാചരണം




കട്ടിപ്പാറ ഹോളി ഫാമിലി ഹൈസ്കൂളിൽ ഹിരോഷിമ നാഗസാക്കി ദിനാചരണങ്ങൾ വിവിധ പരിപാടികളോടെ നടത്തി.യുദ്ധവിരുദ്ധ സന്ദേശങ്ങൾ നൽകുന്നതിനായി സ്കൂളിൽ പ്രത്യേക അസംബ്ലി നടത്തപെട്ടു. അസംബ്ലിയിൽ യുദ്ധവിരുദ്ധ പ്രതിജ്ഞ ചൊല്ലി.സ്കൂൾ ഹെഡ്മിസ്ട്രസ് ബെസി കെ .യു യുദ്ധവിരുദ്ധ സന്ദേശം നൽകി പരിപാടികൾ ഉൽഘാടനം ചെയ്തു.സ്കൂൾ ഗായകസംഘം യുദ്ധവിരുദ്ധ ഗാനം ആലപിച്ചു.വിദ്യാർത്ഥി പ്രതിനിധി അലോണ ഡെന്നിസ്

# സ്വാതന്ത്ര്യദിനം ആഘോഷിച്ചു




**കട്ടിപ്പാറ ഹോളി ഫാമിലി ഹൈസ്കൂളിൽ  എഴുപത്തി യേഴാമത്  സ്വാതന്ത്ര്യ ദിനം വിവിധ പരിപാടികളോടെ ആഘോഷിച്ചു. സ്കൂൾ മാനേജർ ഫാദർ മിൽട്ടൺ മുളങ്ങാശേരി ദേശീയ പതാക ഉയർത്തി സ്വാതന്ത്ര്യദിന സന്ദേശം നൽകി. ഹയർസെക്കൻഡറി പ്രിൻസിപ്പാൾ ശ്രീ മഹേഷ് സാർ സ്വാഗതം പറഞ്ഞ ചടങ്ങിൽ വാർഡ് മെമ്പർ പ്രേംജി ,ഹൈ സ്കൂൾ ഹെഡ്മിസ്ട്രസ് ബെസി കെ.യു, പിടിഎ വൈസ് പ്രസിഡണ്ട് ബഷീർ എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു.ദേശഭക്തിഗാനം, തീം ഡാൻസ് എന്നിവ കൊണ്ട് ചടങ്ങ് വർണ്ണാഭമായി.വിദ്യാർത്ഥി പ്രതിനിധികളായ ഡെൻസിൽ മാത്യു രാജീവ്, അലോണ ഡെന്നിസ് എന്നിവർ പ്രസംഗിച്ചു. തുടർന്ന് നടന്ന കുട്ടികളുടെ സ്വാതന്ത്ര്യദിന പരേഡിനും  മാസ് ഡ്രില്ലിലും  സ്കൗട്ട് & ഗൈഡ്സ്, ജെ.ആർ.സി കുട്ടികൾ നേതൃത്വം നൽകി. മധുര പലഹാര വിതരണത്തോടെ ചടങ്ങുകൾ അവസാനിച്ചു. ടീച്ചർ പ്രതിനിധികളായ ലിസി എം എ,  മെൽബിൻ തോമസ്, ജേക്കബ് മാത്യു എന്നിവർ ചടങ്ങുകൾക്ക് നേതൃത്വം നൽകി.**

# ശുചിത്വ വാരാചരണം



മാലിന്യമുക്ത കേരളം -ശുചിത്വ വിദ്യാലയം എന്ന നേട്ടം കൈവരുത്തുന്നതിനായി കട്ടിപ്പാറ ഹോളി ഫാമിലി ഹൈസ്കൂളിൽ ശുചിത്വ വാരാചരണത്തിന് തുടക്കം കുറിച്ചു. സ്കൂളിലും വീട്ടിലും ശുചിത്വം പാലിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് ഹെഡ്മിസ്ട്രസ് ബെസി കെ .യു കുട്ടികൾക്ക് സന്ദേശം നൽകി. സ്കൂളിലും പൊതുസ്ഥലങ്ങളിലും വീടുകളിലും പ്ലാസ്റ്റിക് മാലിന്യങ്ങളും ജൈവമാലിന്യങ്ങളും എങ്ങനെ എവിടെ നിക്ഷേപിക്കണം എന്നതിനെക്കുറിച്ച് ടീച്ചർ കുട്ടികളെ ബോധവാന്മാരാക്കി. മാലിന്യ മുക്ത നവകേരളം എന്ന പദ്ധതി പ്രാവർത്തികമാക്കുന്നതിന് വേണ്ടി കുട്ടികൾക്ക് പ്രതിജ്ഞ ചൊല്ലി കൊടുത്തു. സ്കൂളിനെ പ്ലാസ്റ്റിക് മുക്ത വിദ്യാലയമായി പ്രഖ്യാപിച്ചു.

# ഓണാഘോഷം നടത്തി



കട്ടിപ്പാറ ഹോളി ഫാമിലി ഹൈസ്കൂളിൽ ഓണാഘോഷം വിവിധ പരിപാടികളോടെ നടത്തി.മാവേലിയും ചെണ്ടമേളവും പുലികളിയും ഓണാഘോഷ പരിപാടികൾക്ക് മാറ്റുകൂട്ടി. സ്പൂൺ റെയ്സ്, ചാക്കിൽ ചാട്ടം, കുപ്പിയിൽ വെള്ളം നിറയ്ക്കൽ, ബലൂൺ ചവിട്ടി പൊട്ടിക്കൽ , സുന്ദരിക്ക് പൊട്ടു കുത്തൽ , തേങ്ങ മോഷണം തുടങ്ങി കുട്ടികൾക്കായി വിവിധ മൽസരങ്ങൾ നടത്തി. ആവേശകരമായ വടം വലി മൽസരവും നടത്തി. ആഘോഷങ്ങളുടെ സമാപന സമ്മേളനത്തിൽ ഹെഡ്മിസ്ട്രസ് ബെസി കെ.യു സ്വാഗതം ആശംസിച്ചു. സ്കൂൾ മാനേജർ ഫാദർ മിൽട്ടൻ മുളങ്ങാശേരി ഓണ സന്ദേശം നൽകി. പി.ടി. എ പ്രസിഡന്റ് ജോഷി മണിമല പ്രസംഗിച്ചു.തിരുവാതിരയും ഓണപാട്ടും ആഘോഷത്തിന് തിളക്കം നൽകി. സ്കൂൾ പി. ടി. എ.യുടെ നേതൃത്വത്തിൽ പായസ വിതരണം നടത്തി. അധ്യാപകരായ മെൽബിൻ തോമസ് ,ഷിനോജ് സി ജെ, ജേക്കബ് മാത്യു , കിരൺ ജോസഫ് , സ്മിത്ത് ബേബൽ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

# അന്താരാഷ്ട്ര ചെറുധാന്യ വർഷത്തിൽ ചെറുധാന്യ കൃഷിയുമായി കട്ടിപ്പാറ ഹൈസ്കൂൾ



കട്ടിപ്പാറ ഹോളി ഫാമിലി ഹൈസ്കൂളിൽ ചെറുധാന്യങ്ങളുടെ കൃഷി ആരംഭിച്ചു. 2023 ഐക്യരാഷ്ട്ര സഭ അന്താരാഷ്ട്ര ചെറു ധാന്യവർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി സയൻസ് ക്ലബ്ബിന്റെയും സീഡ് ക്ലബ്ബിന്റെയും ആഭിമുഖ്യത്തിലാണ് കൃഷി ആരംഭിച്ചത് .കൃഷി ഓഫീസർ മനോജ് പി. ആർ വിത്ത് വിതയ്ക്കലിന്റെ ഉദ്ഘാടനം നിർവഹിച്ചു . സ്കൂൾ ഹെഡ്മിസ്ട്രസ് ബെസി കെ.യു ചെറു ധാന്യങ്ങളുടെ പ്രസക്തിയെക്കുറിച്ച് സംസാരിച്ചു.ചാമ,തിന, മണിച്ചോളം, വരഗ് ,റാഗി, ബജ്റ എന്നീ ചെറു ധാന്യങ്ങളാണ് കൃഷി ചെയ്യുന്നത്. അധ്യാപകരായ മിനി മാനുവൽ ,കിരൺ ജോസഫ് , നാഫില പി.,ഷീന ജോസഫ്, ജിസ്മോൻ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

# ശാസ്ത്രോൽസവം - 2023



കട്ടിപ്പാറ ഹോളി ഫാമിലി ഹൈസ്കൂളിൽ ശാസ്ത്രോത്സവം 2023 എന്ന പേരിൽ സ്കൂൾതല ശാസ്ത്രമേള നടത്തി. സ്കൂൾ ഹെഡ്മിസ്ട്രസ്സ് ബെസ്സി കെ യു മേള ഉദ്ഘാടനം ചെയ്തു. സയൻസ്, സോഷ്യൽ സയൻസ്, ഐ.ടി ,ഗണിതം, പ്രവർത്തിപരിചയം എന്നീ വിഭാഗങ്ങളിലായി മത്സരങ്ങൾ നടത്തി. സ്റ്റിൽ മോഡൽ, വർക്കിങ് മോഡൽ, ചാർട്ടുകൾ, ഡിജിറ്റൽ പെയിന്റിംഗ്, തുടങ്ങി വിവിധ തലങ്ങളിൽ കുട്ടികൾ തങ്ങളുടെ കഴിവുകൾ തെളിയിച്ചു. ശാസ്ത്രമേളയിൽ നിർമ്മിച്ച വസ്തുക്കളുടെ പ്രദർശനം എല്ലാ കുട്ടികളിലും ശാസ്ത്രാവബോധം വളർത്തുന്നതിന് സഹായകമായി. സ്കൂൾ കൺവീനർ ആയ മിനി മാനുവൽ പരിപാടികൾക്ക് നേതൃത്വം നൽകി.

# കേരളപ്പിറവി ദിനാഘോഷം



കട്ടിപ്പാറ ഹോളി ഫാമിലി ഹൈസ്കൂളിൽ കേരളപ്പിറവി ദിനത്തോടനുബന്ധിച്ച് വിവിധ പരിപാടികൾ നടത്തി .രാവിലെ സ്കൂൾ അസംബ്ലി നടത്തുകയും അസംബ്ലിയിൽ മലയാള ഭാഷാ ദിന പ്രതിജ്ഞ ചൊല്ലുകയും ചെയ്തു. സ്കൂൾ ഹെഡ്മിസ്ട്രസ് ബെസി കെ.യു കേരളപ്പിറവി ദിന സന്ദേശം നൽകി. സ്കൂൾ ഗായകസംഘം കേരള ഗാനം ആലപിച്ചു. കേരളത്തിലെ 14 ജില്ലകളെ കുറിച്ചുള്ള അറിവ് നൽകുന്ന വിവരണങ്ങൾ കുട്ടികൾ അവതരിപ്പിച്ചു. വിദ്യാഭ്യാസ മന്ത്രി ശ്രീ ശിവൻകുട്ടി കേരളീയം പരിപാടിയുമായി ബന്ധപ്പെട്ട് നൽകിയ സന്ദേശം കുട്ടികളെ അറിയിച്ചു .മലയാള വിഭാഗം കൺവീനർമാരായ സ്മിത തോമസ്, ഷീന ജോസഫ്, ലീന പൗലോസ് എന്നിവർ

# കോഴിക്കോട് റവന്യൂ ജില്ലാ ശാസ്ത്ര മേളയിൽ ചരിത്രനേട്ടവുമായി കട്ടിപ്പാറ ഹോളിഫാമിലി ഹൈസ്കൂൾ.



കട്ടിപ്പാറ. കൊയിലാണ്ടിയിൽ വെച്ച് നടന്ന കോഴിക്കോട് ജില്ലാ ശാസ്ത്ര വേളയിൽ സോഷ്യൽ സയൻസ്, പ്രവൃത്തിപരിചയം, സയൻസ്, ഗണിതം, ഐ.ടി തുടങ്ങി വിവിധ മേളകളിൽ അഭിമാനാർഹമായ നേട്ടവുമായി ഹോളി ഫാമിലി ഹൈസ്കൂൾ. പ്രവൃത്തിപരിചയ മേളയിൽ ജെസ് മരിയ ജോഷി, മുഹമ്മദ് ഹാനി എന്നിവർ ജില്ലയിൽ രണ്ടാം സ്ഥാനം നേടി സംസ്ഥാന മൽസരത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. വിവിധ മേളകളിലായി 24 എഗ്രേഡും 4 ബി ഗ്രേഡും സ്കൂളിന് നേടാൻ കഴിഞ്ഞു.

ചരിത്രനേട്ടത്തിന് പിന്നിൽ പ്രവർത്തിച്ച അധ്യാപകരെയും വിജയികളെയും പി ടി എ യും മാനേജ്മെൻറും അഭിനന്ദിച്ചു.

# കായികമേള സമാപിച്ചു






കട്ടിപ്പാറ ഹോളി ഫാമിലി ഹൈസ്കൂളിൽ രണ്ടുദിവസം നീണ്ടുനിന്ന കായികമേളയ്ക്ക് സമാപനമായി .തിങ്കളാഴ്ച രാവിലെ 9 30ന് ഉദ്ഘാടന സമ്മേളനത്തോടെ കായികമേളയ്ക്ക് തുടക്കമായി. ഉദ്ഘാടന ചടങ്ങിൽ ഹെഡ്മിസ്ട്രസ് ബെസി കെ.യു സ്വാഗതമാശംസിച്ചു. പിടിഎ പ്രസിഡണ്ട് ജോഷി മണിമല അധ്യക്ഷത വഹിച്ച ചടങ്ങിൽ സ്കൂൾ മാനേജർ ഫാദർ മിൽട്ടൺ മുളങ്ങാശ്ശേരി ഉദ്ഘാടനം നിർവഹിച്ചു .തുടർന്ന്  സബ്ജൂനിയർ ജൂനിയർ വിഭാഗങ്ങളിലായി മത്സരങ്ങൾ നടത്തി. താമരശ്ശേരി സബ് ജില്ല AEO സതീഷ് കുമാർ, കട്ടിപ്പാറ ഹയർ സെക്കൻഡറി പ്രിൻസിപ്പൽ മഹേഷ് കെ ബാബു, യുപി സ്കൂൾ ഹെഡ്മാസ്റ്റർ ജിജോ തോമസ്,എൽപി സ്കൂൾ ഹെഡ്മിസ്ട്രസ് ചിപ്പി രാജ് തുടങ്ങിയവരുടെ സാന്നിധ്യം മേളയുടെ മാറ്റുകൂട്ടി.  സമാപന സമ്മേളനത്തിൽ സ്കൂൾ മാനേജർ  ഫാദർ മിൽട്ടൺ മുളങ്ങാശ്ശേരി,പിടിഎ പ്രസിഡണ്ട് ശ്രീ ജോഷി മണിമല, ഹയർ

# വിജയികളെ അനുമോദിച്ചു




താമരശ്ശേരി സബ്ജില്ലാ കലോത്സവത്തിൽഹൈസ്കൂൾ വിഭാഗത്തിൽ മൂന്നാം സ്ഥാനം നേടിയ കട്ടിപ്പാറ ഹോളി ഫാമിലി ഹൈസ്കൂളിലെ കലാപ്രതിഭകളെ പിടിഎയും മാനേജ്മെന്റും ചേർന്ന് അനുമോദിച്ചു. കലാമേളയിൽ 173 പോയിൻറ് നേടി കട്ടിപ്പാറ ഹോളി ഫാമിലി ഹൈസ്കൂൾ മൂന്നാം സ്ഥാനത്ത് എത്തി. മത്സരിച്ച 37 ഇനങ്ങളിൽ 32 ഇനങ്ങളിലും എ ഗ്രേഡ് നേടാൻ ഹോളിഫാമിലി സ്കൂളിലെ കുട്ടികൾക്ക് കഴിഞ്ഞു. 8 ഇനങ്ങളിൽ ഒന്നാം സ്ഥാനവും 5 ഇനങ്ങളിൽ രണ്ടാം സ്ഥാനവും ലഭിച്ചു. പങ്കെടുത്ത എല്ലാ ഇനങ്ങളിലും മികച്ച നിലവാരം പുലർത്താൻ ഹോളി ഫാമിലിയിലെ കുട്ടികൾക്ക് കഴിഞ്ഞു.

ഇന്ന് നടന്ന അനുമോദന ചടങ്ങിൽ സ്കൂൾ മാനേജർ ഫാദർ മിൽട്ടൻ മുളങ്ങാശ്ശേരി കുട്ടികളെ അഭിനന്ദിക്കുകയും സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുകയും ചെയ്തു. ഹെഡ്മിസ്ട്രസ് ബെസി കെ.യു മികച്ച പ്രകടനം കാഴ്ചവെച്ച കുട്ടികളെയും ഈ നേട്ടത്തിന് പിന്നിൽ പ്രവർത്തിച്ച അധ്യാപകരെയും അഭിനന്ദിച്ചു. അധ്യാപകരായ ലിസി എം എ, സൈനബ പി എന്നിവർ ചടങ്ങുകൾക്ക് നേതൃത്വം നൽകി.

# സംസ്ഥാന ശാസ്ത്രോത്സവത്തിൽ എ ഗ്രേഡ് നേടി കട്ടിപ്പാറ ഹോളി ഫാമിലി ഹൈസ്കൂളിലെ വിദ്യാർത്ഥികൾ




കട്ടിപ്പാറ : സംസ്ഥാനതല സ്കൂൾ ശാസ്ത്രോത്സവത്തിൽ പ്രവർത്തിപരിചയമേളയിൽ ഗാർമെന്റ് മേക്കിങ്ങിൽ മുഹമ്മദ് ഹാനിയും ബഡ്ഡിങ് ലെയറിങ് ഗ്രാഫ്റ്റിങ്ങിൽ ജെസ് മരിയ ജോഷിയും എ ഗ്രേഡ് നേടി സ്കൂളിന് അഭിമാനമായി മാറി.

# ഭിന്നശേഷി ദിനം ആചരിച്ചു




കട്ടിപ്പാറ : കട്ടിപ്പാറ ഹോളി ഫാമിലി ഹൈസ്കൂളിൽ ഭിന്നശേഷി ദിനാചരണത്തിന്റെ ഭാഗമായി പ്രത്യേക അസംബ്ലി നടത്തി. സ്കൂൾ ഹെഡ്മിസ്ട്രസ് ബെസി കെ.യു ഭിന്നശേഷി ദിനത്തിൻറെ പ്രാധാന്യം വ്യക്തമാക്കിക്കൊണ്ട് സന്ദേശം നൽകി. ദിനാചരണത്തിന്റെ ഉദ്ദേശങ്ങളും ലക്ഷ്യങ്ങളും  ടീച്ചർ കുട്ടികൾക്ക് വ്യക്തമാക്കി കൊടുത്തു.വിദ്യാർത്ഥി പ്രതിനിധി റിഫ്ന ഭിന്നശേഷി സന്ദേശം അവതരിപ്പിച്ചു.

# സൈബർ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു.



കട്ടിപ്പാറ :കട്ടിപ്പാറ ഹോളി ഫാമിലി ഹൈസ്കൂളിൽ ടീൻസ് ക്ലബ്ബിന്റെയും ജാഗ്രതാസമിതിയുടെയും ആഭിമുഖ്യത്തിൽ സൈബർ ബോധവൽക്കരണ ക്ലാസ് നടത്തി. ക്ലാസ്സിന്റെ ഉദ്ഘാടനം ഹെഡ് മിസ്ട്രസ് ബെസി കെ.യു നിർവഹിച്ചു. ഈ കാലഘട്ടത്തിൽ വളരെയേറെ ഉപകാരപ്രദമായതും എന്നാൽ ഒട്ടേറെ അപകടങ്ങൾ നിറഞ്ഞതുമായ സൈബർ മേഖലയെക്കുറിച്ച് കൊടുവള്ളി ബി ആർ സി യിലെ ട്രെയിനറായ ശ്രീ. സജിൻ മാത്യു ക്ലാസെടുത്തു. ഇൻറർനെറ്റും മൊബൈൽ ഫോണും എല്ലാം ഉപയോഗിക്കുമ്പോൾ  ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് കുട്ടികളിൽ അവബോധം ഉണ്ടാക്കാൻ ക്ലാസ് ഏറെ സഹായകമായി. ടീൻസ് ക്ലബ്ബിന്റെ പ്രസിഡന്റ് ആഷ്നൽ ബിനു ക്ലാസിലൂടെ ലഭിച്ച നേട്ടങ്ങളെക്കുറിച്ച് സംസാരിച്ചു. ടീൻസ്ക്ലബ് കൺവീനർ അയോണ സെബാസ്റ്റ്യൻ നന്ദി അർപ്പിച്ച് സംസാരിച്ചു.

# കട്ടിപ്പാറ ഹോളി ഫാമിലി ഹൈസ്കൂളിൽ ക്രിസ്മസ് ആഘോഷങ്ങൾ നടത്തി






കട്ടിപ്പാറ കട്ടിപ്പാറ ഹോളി ഫാമിലി ഹൈസ്കൂളിൽ വർണ്ണാഭമായ ക്രിസ്മസ് ആഘോഷങ്ങൾ നടത്തി. സ്കൂൾ ഹെഡ്മിസ്ട്രസ് ബെസി കെ.യുസ്വാഗതം ആശംസിച്ചു. സ്കൂൾ മാനേജർ ഫാദർ മിൽട്ടൺ മുളങ്ങാശ്ശേരി ക്രിസ്തുമസ് സന്ദേശം നൽകി. പിടിഎ പ്രസിഡണ്ട് ജോഷി മണിമല ആശംസകൾ അറിയിച്ചു. സ്കൂൾ ലീഡർ പർവീൺ മഹ്സുദ,ജുവൽ ജോസഫ് അധ്യാപക പ്രതിനിധി ഷെൽമ എന്നിവർ പ്രസംഗിച്ചു. ക്രിസ്മസ് കാർഡ് നിർമ്മാണം, നക്ഷത്ര നിർമ്മാണം തുടങ്ങിയ മത്സരങ്ങളും കുട്ടികളുടെ കലാപരിപാടികളും നടത്തി. കുട്ടികളിൽ നിന്നും അധ്യാപകരിൽ നിന്നും ലക്കി സ്റ്റാറിനെ കണ്ടെത്തി. ക്രിസ്തുമസ്ട്രീയും പുൽക്കൂടും സാന്താക്ലോസും പരിപാടിയുടെ മാറ്റുകൂട്ടി. കുട്ടികൾക്ക് കേക്ക് വിതരണവും നടത്തി. അധ്യാപക പ്രതിനിധി സിസ്റ്റർ മിനി കുര്യൻ നന്ദി അർപ്പിച്ചു സംസാരിച്ചു.

# അറിയാതെ പറയാതെ

കറന്റ് പോയി. ഫാൻ നിശ്ചലമായി. അയാളുടെ ചെന്നിയിലൂടെ വിയർപ്പ് കണങ്ങൾ ഒഴുകി ഇറങ്ങി. അയാൾ ഞെട്ടി എഴുന്നേറ്റു. 'നാൻ ഇത്രയും നേരം ദൃഷ്ടി പായിച്ചു. കൈയ്യിൽ Bദ്രമായി പിടിച്ച ആ പൊടി പിടിച്ച് നിറം മങ്ങിയ ഡയറി വേശഷ്യറത്ത് വെച്ച് പുറത്തേക്ക് നടന്നു. അയാൾ പോവുകയാണ്; തന്നെ പ്രിയ പത്നിയുടെ അരികിലേക്ക്.

പ്രകൃതിയെ പ്രകമ്പനം കൊള്ളിച്ച് കൊണ്ട് മഴ ആർത്തു പെയ്യുന്നു. അത് മണ്ണിനെ ചുംമ്പിച്ച് കൊണ്ട് ഭൂമിയുടെ ഹൃദയാന്തരങ്ങളിലേക്ക് ആഴ്ലിറങ്ങു ന്നു. മിഴിനീർ തലോടും മഴ നനഞ്ഞ് അയാൾ ഓരോ ചുവടും വെച്ചു. അന്നരീക്ഷം തികച്ചും ഇരുട്ട് പടർത്തി രിക്കുന്നു. എങ്കിലും കണ്ണുനീർ തുളുമ്പുന്ന മിഴികളിലെ പ്രകാശം അപാൾക്ക് വഴികാട്ടിപായി. അയാളും ഭാര്യയും മാത്രമുള്ള അവിടവിൽ ചുറ്റിലും തല ഉയർത്തി നിൽക്കുന്ന പച്ചപ്പ് നിറഞ്ഞ വൃക്കങ്ങൾ നൃത്തം ചെയ്യുന്നതായി, ആ ഇരുട്ടിലും അയാൾ കണ്ടു. ചുറ്റിട്ടും എന്തൊക്കെയോ പേടിപ്പെടുത്തുന്ന ശബ്ദം -

മാത്രം. അയാച്ചൻ നം അര്യയുടെ അരിതിൽ മുട്ട- കുത്തി ഇരുന്നു. മണ്ണാൻ തവജം. തീർത്ത ആ കൂമ്പാരത്തിന്ന മുകളിലും അയാൾ തന്റെ പ്രവ സൈട്ടവളുടെ വദനം തെളിഞ്ഞു കണ്ടു. ആ നിശാ- യാമങ്ങളിൽ മിഴികളിൽ നിന്നും അടർന്നു വീണ തിളക്കമാർന്ന മനിമുത്തുകൾ അപ്പാളുടെ കാവിൾ തടങ്ങളിൽ ചുടുച്ചുംമ്പനം നൽകി കൊണ്ടിരുന്നു. ” എന്തിനാ പെണ്ണേ എന്നെ തനിച്ചാക്കി പോന്നത്. ’ ഇടിമുഴക്കത്തോടൊപ്പം അയാളുടെ പൊട്ടിക്കരച്ചിലും ചേർന്നു. അയാളുടെ ഓർമകൾ വർഷങ്ങൾ പിന്നോട്ട ചലിച്ചു. താൻ പ്രവാസിയായിരുന്ന സരയം..,

സൂര്യൻ ആളിക്കത്തുന്നു. കഠിനമാച ചൂടി ശരീരം തളരുന്നു. തീ ജ്വാല പകരുന്ന ആ മദദൂരിയിലൂടെ നടക്കുകയാണയാൾ. വെറുതെ നട- ക്കുകയല്ല; ജീവിക്കാൻ വേണ്ടി അലയുന്നു. തിരക്കു- കൾത്തിടയിലും പതിവായി നാട്ടിലേക്ക് വിളിക്കാറു- ഇടായിരുന്നു. അപ്പോഴൊത്തെ ഭാര്യ പിറയും : ”ഇണ് - ഇന്നാ വരുന്നേ കാണാൻ കൊതിയാവുന്ന്...’’ അതിന നീ നാളെയെങ്ങാനം മരിക്കാൻ പോക്യാണോ...’ എന്നയാൾ തമാശരൂപേണെ തിരിച്ചു ചോദിക്കും. ” ഒരുപക്ഷേ മരിച്ചാലേം...?’ എന്ന അവളുടെ മറു- ചോദ്യത്തിന മുമ്പിൽ അയാൾ മൗനം പുൽകും. അവളില്ലാത്ത ജീരിനം അയാൾക്ക് ഓർക്കാൻ

മൂടി വച്ചായിരുന്നു. മാസങ്ങൾ വീണ്ടും കൊഴിഞ്ഞു പോയി... വളരെ സന്തോഷത്തിലാണയാൾ. കടലിൽ അക്കാണല്ല



# അമ്പിളി അമ്മാവാ


അമ്പിളിയമ്മാവാ മാനത്ത് ഒറ്റക്കിരിപ്പാണോ
താഴോട്ട് വന്നാലോ ഞങ്ങൾ കുമ്പിളി ചോറ് തരാം
അമ്പിളിയമ്മാവാ മാനത്ത് ഒറ്റക്കിരിപ്പാണോ
താഴോട്ട് വന്നാലോ ഞങ്ങൾ കുമ്പിളി ചോറ് തരാം
കാറ്റൊന്ന് വന്നാൽ
അമ്പിളി പാറിപ്പറക്കില്ലെ
വെയിലത്ത് നിന്നാലോ വിണ്ണിൽ നീറി പുകയില്ലേ
ഒറ്റക്കിരിപ്പെങ്കിൽ പട്ടം കെട്ടി ഞാൻ വിട്ടയക്കാം
ഒട്ടും ഭയക്കേണ്ട ഞങ്ങൾ നിന്നൊപ്പം കൂട്ടുകൂടാം
അമ്പിളിയമ്മാവാ മാനത്ത് ഒറ്റക്കിരിപ്പാണോ
താഴോട്ട് വന്നാലോ ഞങ്ങൾ കുമ്പിളി ചോറ് തരാം
നല്ല മഴ വന്നാൽ നിന്നുടെ മേനി നനയില്ലേ
മിന്നൽ കൊണ്ടാലോ നീയും പൊട്ടിത്തകരില്ലേ
അമ്പിളിയമ്മാവാ മാനത്ത് ഒറ്റക്കിരിപ്പാണോ
താഴോട്ട് വന്നാലോ ഞങ്ങൾ കുമ്പിളി ചോറ് തരാം

# എന്റെ പ്രകൃതി

പാൽ പോലെ
ഒഴുകുന്ന
കുഞ്ഞരുവികളും
തുള്ളിക്കളിക്കുന്ന
മഴത്തുള്ളികളും
അലാറം പോലെ
കരയുന്ന
തവളക്കുഞ്ഞുങ്ങളും
സുഗന്ധം പരത്തുന്ന
റോസാ പൂക്കളും
കാറ്റിനൊപ്പം നൃത്തം
വെക്കുന്ന മരങ്ങളും
ചെടികളും




 -FATHIMA RENIN



DILNA FATHIMA

# ബീമുവിനെ കുടുക്കി



കാട്ടരുവിയുടെ തീരത്ത് ബീമു എന്നൊരു കരടികുട്ടനുണ്ടായിരുന്നു. മറ്റുള്ളവരെ പേടിപ്പിക്കുകയായിരുന്നു അവന്റെ വിനോദം .


ഒരു ദിവസം ബീമു കാട്ടരുവിയുടെ അരികിലൂടെ നടക്കുകയായിരുന്നു. അപ്പോഴാണ് ചൊങ്കൻ കരടി കാട്ടരുവിയുടെയരികിലെ ഒരു പാറയിൽ ചാരി ഇരിക്കുന്നത് കണ്ടത്.

"ഹി! ഹി! കരടിച്ചേട്ടനെ ഒന്നു പേടിപ്പിക്കാം..." ബീമു വിചാരിച്ചു.എന്നിട്ട് അവൻ കരടിയുടെ അരികിലെത്തിയിട്ട് ഒറ്റ കരച്ചിൽ.. "ഗ്രാ....."





പേടിച്ചു വിറച്ച കരടി "യ്യോ... മ്മോ .." ന്ന് കരഞ്ഞു ചാടി എണീറ്റു . വെപ്രാളത്തിനിടയിൽ കാൽ തെറ്റി അവൻ കാട്ടരുവിയിൽ വീണു.
പിന്നീട് ഒരു വിധത്തിലാണ് കരടി കരയ്ക്കു കയറിയത്. "ദുഷ്ടാ... നീ ഇതിന് അനുഭവിക്കും..." എന്ന് പറഞ്ഞിട്ട് കരടി വീട്ടിലേക്കു മടങ്ങി.
ആ ദിവസം ബീമു കാട്ടിലെ ചതുപ്പിനരികിലൂടെ നടക്കുകയായിരുന്നു.
അപ്പോഴാണ് കോക്രി തവളയെ കണ്ടത്. അവൻ കുളക്കരയിലെത്തിയപ്പോൾ തവള പറഞ്ഞു.



"ചേട്ടാ.. ഇങ്ങോട്ടു വാ .. നമുക്ക് നീന്തി കളിക്കാം..."ബീമുവിന് അത് പിടിച്ചില്ല.. " ഹും , എന്നെ കളിയാക്കുന്നോടാ..." അവൻ ചതുപ്പിലേക്കിറങ്ങി .
പക്ഷേ അവന്റെ രണ്ടു കാലുകളും ചതുപ്പിൽ കുടുങ്ങി."യ്യോ.. മ്മേ ....." അവൻ പറഞ്ഞു. അതുകണ്ട് തവള പറഞ്ഞു. "മറ്റുള്ളവരെ പേടിപ്പിക്കുന്നതിനുള്ള ശിക്ഷയാണത്."

<u>:: .മറ്റുള്ളവരെ ദ്രോഹിച്ചാൽ</u>
<u>തിരിച്ചും ശിക്ഷ കിട്ടും..</u>


# കൊച്ചുപൂവ്

ഇത്തിരിപ്പൂവേ ചുവന്ന പൂവേ
ഇത്രനാളെങ്ങുനീ പോയി പൂവേ
മണ്ണിനടിയിലൊളിച്ചിരുന്നോ
മറ്റുള്ള പൂക്കളെ കാത്തിരുന്നോ
വന്നതു നന്നായി തെല്ലുനേരം
വല്ലതും പാടി കളിക്കാൻ
സ്വൈരം
ചെമ്മേറുമീയുടുപ്പാരുതന്നു
ചേച്ചിക്കൊന്നുമ്മ വയ്ക്കാനേ

# പൂച്ചയ്ക്ക് ആര



# മണി കെട്ടും





പൂച്ചയെക്കൊണ്ട് വലിയ ശല്യമായി. എലികൾ മീറ്റിംഗ് കൂടി എല്ലാ ദിവസവും ഓരോരുത്തരെ പൂച്ച കൊന്നു തിന്നുകയാണ്. ചർച്ച പുരോഗമിച്ചു. അഭിപ്രായങ്ങൾ, ആശയങ്ങൾ അനവധി നിരന്നു. എല്ലാവരും തങ്ങളുടെ വാദങ്ങൾ ഉണർത്തിച്ചു.. എലികൾക്കെല്ലാം ഉത്സാഹം വർദ്ധിച്ചു.. കൂട്ടത്തിൽ കേമന്റെ അഭിപ്രായത്തോട് എല്ലാവരും യോജിച്ചു  വാക് ചാതുര്യമുള്ള അവന്റെ വാക്കുകൾക്ക് ശക്തിയുണ്ട്. പൂച്ചയുടെ കഴുത്തിൽ മണി കെട്ടുക! നല്ല ആശയം കയ്യടിച്ചു പാസ്സാക്കി..
പക്ഷെ കൂട്ടത്തിൽ ഇളയവനായ എലിക്കുഞ്ഞു ഒരു ചോദ്യം. പൂച്ചയ്ക്കാര് മണി കെട്ടും ?
സഭ നിശബ്ദമായി, എല്ലാവരും തമ്മിൽ തമ്മിൽ നോക്കി തലയും കുനിച്ചു പുറത്തേക്കു പോയി എന്നു കഥ അവസാനിക്കുന്നു.. പ്രിയമുള്ളവരേ നമ്മുടെയൊക്കെ മനസ്സിൽ അനേകം ആശയങ്ങൾ രൂപം കൊള്ളാറുണ്ട്, പലപ്പോളും ചർച്ചകളും നടക്കാറുണ്ട്, പക്ഷെ യാഥാർഥ്യത്തിന്റെ പ്രായോഗികത നമ്മെ പുറകോട്ടു വലിക്കാറില്ലേ.. ഭയത്തിന്റെയും, ഭീകരതയുടെയും, വർഗീയതയുടെയും, ആക്രമണത്തിന്റെയും, മരണത്തിന്റെയുമൊക്കെ ചിന്ത നമ്മെ കർമനിരതരാകാൻ സമ്മതിക്കാതെ പിറകോട്ടു വലിക്കാൻ അനുവദിക്കരുത് .
ഈ കാലയളവിൽ ആര് സുവിശേഷം അറിയിക്കും ? ഈ ചോദ്യം നമ്മോട് ചോദിക്കുമോ ? മുൻപിൽ പൈശാചികൻ ഉണ്ട്, അവൻ നമ്മുടെയൊക്കെ പ്രിയപ്പെട്ടവരെ നശിപ്പിച്ചു കൊണ്ടിരിക്കുന്നു. ഇനിയെന്തിനു മടിക്കുന്നു  പോകുക സുവിശേഷം അറിയിക്കുക.. പ്രസംഗം അവസാനിപ്പിച്ചു പ്രവർത്തനം തുടങ്ങുക.. അതെ ഇനി സമയം അധികമില്ല. സഭയുടെ നാലു ചുവരുകൾക്കുള്ളിൽ ഒതുങ്ങുnna ചർച്ചകളേക്കാളുപരി ഇന്നിന്റെ ആവശ്യം നിന്നെയാണ്, എന്നെയാണ്, നമ്മെയാണ് . ചിന്തിക്കുക ദൈവം അനുഗ്രഹിക്കട്ടെ.







# ബുദ്ധിമാനായ കുരങ്ങ്





നല്ലാർ എന്ന മനോഹരമായ നദി ചമ്പൽ വനത്തിലൂടെ ഒഴുകുന്നു. കുള്ളൻ എന്നൊരു കുറുക്കൻ ഉണ്ടായിരുന്നു. നല്ലാർ നദി നിരവധി മുതലകളുടെ ആവാസ കേന്ദ്രമായിരുന്നു. നദിയുടെ നടുവിൽ ഫലവൃക്ഷങ്ങളുള്ള ഒരു ദ്വീപ് മണ്ടുവിന് ഉണ്ടായിരുന്നു.

മരത്തിൽ ഒരു കൂട്ടം കുരങ്ങന്മാർ താമസിച്ചിരുന്നു. മണ്ടു എന്ന മുതലയും കുള്ളൻ കുറുക്കനും നന്നായി ഇണങ്ങി. ഒരു ദിവസം, മണ്ഡുവിൻ്റെ ഭാര്യ മാണ്ഡവി തൻ്റെ ഭർത്താവിനോട് ഒരു കുരങ്ങിൻ്റെ ഹൃദയം തിന്നാൻ ആഗ്രഹിക്കുന്നുവെന്ന് പറഞ്ഞു. മരങ്ങളിൽ കുരങ്ങുകൾ താമസിക്കുന്നതിനാൽ ഒരാളെ കെണിയിൽ വീഴ്ത്തുന്നത് തനിക്ക് വെല്ലുവിളിയാണെന്ന് മണ്ഡു തിരിച്ചടിച്ചു. എന്നാൽ അവ രുചികരമാണെന്ന് കേട്ടതിനാൽ തനിക്ക് ഒരു കുരങ്ങിൻ്റെ ഹൃദയം കഴിക്കണമെന്ന് മാണ്ഡവി പറഞ്ഞു.

മണ്ടു നിരാശനായി. നല്ലാർ നദിയുടെ അരികിൽ കിടന്ന് അവൻ കരയുകയായിരുന്നു, മണ്ടുവിൻ്റെ സുഹൃത്തായ കുറുക്കൻ കുള്ളൻ വെള്ളം കുടിക്കാൻ നദി സന്ദർശിച്ചു. മന്ദുവിൻ്റെ കരച്ചിൽ ശ്രദ്ധയിൽപ്പെട്ട കുള്ളൻ ചോദിച്ചു, "എന്തിനാണ് സുഹൃത്തേ, നിനക്കിത്ര സന്തോഷമില്ല?" "ൻ ഞാൻ നിങ്ങൾക്ക് ഒരു നല്ല ആശയം തരാം.

കുരങ്ങിനുള്ള മണ്ഡുവിൻ്റെ പദ്ധതി

കുള്ളൻ മണ്ഡുവിനോട് ദ്വീപിൽ നിന്ന് കുറച്ച് പഴങ്ങൾ കൊണ്ടുവന്ന് ബാങ്കിൽ ഇടാൻ നിർദ്ദേശിച്ചു. കുരങ്ങുകൾ അവയുടെ രുചി ആസ്വദിക്കും. നിങ്ങൾ അവരെ തിരികെ ലഭിക്കുമെന്ന് അവർക്ക് പ്രതീക്ഷിക്കാം. അവരെ ഓരോന്നായി കൂട്ടിക്കൊണ്ടുപോയി അവരുടെ ശരീരം യഥാക്രമം നിൻ്റെ ഭാര്യയ്ക്കും എനിക്കും സമർപ്പിക്കുക.
പിറ്റേന്ന് രാവിലെ, മണ്ടു കടൽത്തീരത്ത് നിന്ന് കുറച്ച് വാഴപ്പഴം കൊണ്ടുവന്ന് കുറച്ച് കുരങ്ങുകളുടെ ഒരു മരത്തിന് സമീപം വച്ചു.
ചെറുപ്പവും സജീവവുമായ കപിലേഷ് ഒരു കുരങ്ങായിരുന്നു. അദ്ദേഹത്തിന് ബുദ്ധിയും ഉണ്ടായിരുന്നു. തീരത്ത് പുതുതായി നട്ടുപിടിപ്പിച്ച പഴങ്ങൾ അദ്ദേഹം നിരീക്ഷിച്ചു. പതിയെ ഇറങ്ങി

ഒരു കടി എടുത്തു. കപീഷ് ആഹ്ലാദഭരിതനായി, "ഓ! ഈ പഴങ്ങൾ മികച്ചതാണ്" എന്ന് അലറി. "അവരുടെ ഉത്ഭവം എന്താണ്?"
"ഇതാണ് ഞാൻ എൻ്റെ സുഹൃത്തിന് നൽകിയത്," മണ്ടു പറഞ്ഞു. "ഈ പഴങ്ങൾ കൂടുതൽ കഴിക്കാനും സമുദ്രത്തിൽ ആസ്വദിക്കാനും ബീച്ചിൽ പോകാൻ എനിക്ക് നിങ്ങളെ സഹായിക്കാനാകും. നിന്നെയും എളുപ്പത്തിൽ എൻ്റെ പുറകിൽ കയറ്റാം."
കപീഷും മണ്ടുവും അടുത്ത സുഹൃത്തുക്കളായി വളർന്നു. മണ്ടു കപീഷിനെ എല്ലാ ദിവസവും നദിയിലേക്ക് ഒരു ചെറിയ യാത്രയ്ക്ക് കൊണ്ടുപോകുകയും പഴങ്ങൾ കൊണ്ടുവരികയും ചെയ്യുമായിരുന്നു. മന്ദുവിൻ്റെ ഭാര്യ ഒരിക്കൽ അവനെ ശകാരിച്ചു.
അത്താഴത്തിന് കുരങ്ങൻ്റെ ഹൃദയം. അടുത്ത ദിവസം ഒരു കുരങ്ങൻ്റെ ഹൃദയം എത്തിക്കാമെന്ന് മണ്ടുവും വാഗ്ദാനം ചെയ്തു. കപീഷ് അടുത്ത ദിവസം അന്വേഷിച്ചു, "മണ്ഡൂ! നീ ഇന്ന് ബീച്ചിലേക്ക് എന്നെ അനുഗമിക്കുമോ?"

കപീഷ് മണ്ടുവിൻ്റെ പുറകിൽ ഇരുന്നു. മണ്ടു ദ്വീപിൻ്റെ ദിശയിലേക്ക് പുറപ്പെട്ടു. ദ്വീപിന് അടുത്തെത്തിയപ്പോൾ മണ്ടു കപീഷിനോട് പറഞ്ഞു, "എൻ്റെ സുഹൃത്തേ, ഞങ്ങൾ വാഴപ്പഴം കഴിക്കാൻ ദ്വീപിലേക്ക് പോകുന്നില്ല." നിങ്ങളുടെ ശരീരം എൻ്റെ സുഹൃത്ത് കുള്ളന് നൽകും, ഞാൻ നിങ്ങളുടെ ഹൃദയം പുറത്തെടുത്ത് എൻ്റെ ഭാര്യക്ക് നൽകും. "നിനക്കറിയുമോ കപീഷേ, എൻ്റെ ഇണ നിൻ്റെ ഹൃദയത്തെ ആരാധിക്കുന്നു" എന്നു പറഞ്ഞു മണ്ടു ചിരിച്ചു.

കപിലേഷ് പ്രതികരിച്ചു, "എൻ്റെ ശരീരത്തിൽ നിങ്ങൾ എൻ്റെ ഹൃദയം കണ്ടെത്തില്ല, ക്ഷമിക്കണം, മന്ദൂ, എൻ്റെ സുഹൃത്ത്." "അത് എവിടെയാണ്? നിങ്ങളുടെ സുഹൃത്തിനോട് സത്യസന്ധത പുലർത്തുക." മണ്ടു ചോദിച്ചു.

കപീഷ് മറുപടി പറഞ്ഞു, "എൻ്റെ സുഹൃത്തേ, ഞാൻ എൻ്റെ ഹൃദയത്തെ എൻ്റെ വീടിനടുത്തുള്ള ഒരു മരത്തിൽ തൂക്കി. "ഞങ്ങൾ അവിടെ പോയി നിങ്ങളുടെ ഹൃദയം എടുക്കും," മണ്ടു പ്രതികരിച്ചു. കപുഷ് പറഞ്ഞു, "ദയവായി തിരിഞ്ഞ് വേഗത്തിൽ മരത്തിലേക്ക് പോകുക." അവർ നല്ലാർ നദിയുടെ തീരത്ത് എത്തിയപ്പോൾ, കപീഷ് കരയിലേക്ക് ചാടി ഒരു മരത്തിൽ കയറി.

എന്നിട്ട് മരത്തിൽ നിന്ന് മണ്ഡുവിനോട് ”നീ മണ്ടൻ!” എൻ്റെ ഹൃദയം എൻ്റെ ഉള്ളിലാണ്, മന്ദൂ. എല്ലാവരുടെയും ഹൃദയം അവരുടെ ഉള്ളിലാണ്, അത് അകറ്റി നിർത്താനോ നീക്കം ചെയ്യാനോ കഴിയില്ല. എൻ്റെ ഹൃദയം കീഴടക്കുന്നതിൽ നിങ്ങൾ ഒരിക്കലും വിജയിക്കില്ല. കപീഷ് തന്നോട് ഒരു തന്ത്രം കളിച്ചുവെന്ന് മണ്ടുവിന് മനസ്സിലായി. തീർത്തും നിരാശനായ ശേഷം അയാൾ ഭാര്യയുടെ അടുത്തേക്ക് മടങ്ങി.

ബാല്യകാല കഥയുടെ സംഗ്രഹം


ഭാര്യയോടൊപ്പം നദിക്കരയിൽ താമസിക്കുന്ന ഒരു മുതല. തൻ്റെ ഹൃദയം ഭാര്യക്ക് അത്താഴത്തിന് നൽകാൻ നദിയുടെ തീരത്തുള്ള ഒരു മരത്തിൽ വസിക്കുന്ന ഒരു കുരങ്ങുമായി അവൻ സൗഹൃദത്തിലാകുന്നു. തൽഫലമായി, കുരങ്ങ് പ്രാഥമികമായി അവൻ്റെ കെണിയിൽ വീഴുന്നു, പക്ഷേ മുതലയുടെ ഉദ്ദേശ്യങ്ങളെക്കുറിച്ചും അവൻ്റെ ഹൃദയം മരത്തിൽ അവശേഷിക്കുന്നുവെന്ന വ്യാജേനയെക്കുറിച്ചും സമർത്ഥമായി മനസ്സിലാക്കുന്നു. അവൻ മുതലയുടെ കെണിയിൽ നിന്ന് സ്വയം രക്ഷിക്കുന്നു.

കഥയുടെ ഗുണപാഠം

അപരിചിതനെ ഒരിക്കലും വിശ്വസിക്കരുത്, നിങ്ങളുടെ ചുറ്റുപാടുകളെക്കുറിച്ച് ബോധവാനായിരിക്കുക. കുരങ്ങിനെപ്പോലെ നമ്മളെ ഒരിക്കലും വിലകുറച്ച് കാണരുത്. പ്രയോജനം ഇല്ലാതിരുന്നിട്ടും, ജ്ഞാനം ഉപയോഗിച്ച് അവൻ കുഴപ്പം ഒഴിവാക്കി.

- fathima sahla

# *The Story End*





- Mirfa Fathima 9A



- Naja Fathima 9A



- Sana Kadeeja 9A



**- Riya 9D**



**- Naja VK 9A**



**- Mirfa Fathima 9A**



# മുയലും സിംഹവും



പണ്ടൊരു കാലത്ത് ഒരു കാട്ടിൽ ഒരു സിംഹം ഉണ്ടായിരുന്നു അത് ആ കാടിൻറെ രാജാവായതുകൊണ്ട് അത് ദിവസവും കണ്ണിൽ കാണുന്ന മൃഗങ്ങളെയെല്ലാം ഓടിച്ചിട്ട് തല്ലിക്കൊന്ന് തനിക്ക് ഇരയാക്കിയിരുന്നു പുറത്തേക്ക് വന്നാൽ സിംഹം കൊല്ലുമോ എന്ന് ഓർത്ത് ഭയന്ന് എല്ലാ മൃഗങ്ങളും പുറത്തേക്ക് വരാൻ പോലും ഭയന്നു ഭക്ഷണം കഴിക്കാൻ പോലും പുറത്തേക്ക് വരാൻ പേടിച്ച ആ മൃഗങ്ങൾ പുറത്തേക്കും വരാൻ കഴിയാതെ ഭക്ഷണവുമില്ലാതെ വല്ലാതെ വിഷമിച്ചു ഇങ്ങനെയുള്ളപ്പോൾ സിംഹത്തിന്റെ അടുത്ത് നിന്ന് എങ്ങനെയെങ്കിലും രക്ഷപ്പെടണം എന്ന് ഓർത്ത് എല്ലാ മൃഗങ്ങളും ഒരുമിച്ച് ഒരു മീറ്റിംഗ് ഉണ്ടാക്കിആ മീറ്റിംഗിൽ സിംഹം കാരണം എല്ലാവരും എത്രമാത്രം കഷ്ടപ്പെടുന്നുണ്ടെന്ന് അങ്ങോട്ടുമിങ്ങോട്ടും അറിയിച്ചു ഇതിനെങ്ങനെയെങ്കിലും ഒരു തീരുമാനം ഉണ്ടാക്കണം എന്ന് കരുതിയ ആ കൂട്ടത്തിൽ ഉണ്ടായ ചെന്നായ മറ്റു മൃഗങ്ങളോട് ഒരു ഐഡിയ പറഞ്ഞു നമ്മളെല്ലാവരും ഒരുമിച്ച് സിംഹത്തിന്റെ വായിൽ വീണു മരിക്കുന്നതിന് പകരം ദിവസവും ഓരോരുത്തര് സിംഹത്തിന്റെ ഗുഹയിലേക്ക് പോയി അതിനിരയായേക്കാം അങ്ങനെ നമ്മൾ ചെയ്യുകയാണെങ്കിൽ അതിനുശേഷം നമ്മൾ സിംഹത്തെ കണ്ടു പേടിക്കേണ്ട ആവശ്യമേ ഉണ്ടാവില്ല മാത്രമല്ല നമ്മളുടെ സമയം വരുന്നവരെ നമുക്ക് പേടിക്കാതെയും കഴിയുകയും ചെയ്യാം സിംഹം എപ്പോഴാണ് വരുക എപ്പോഴാണ് നമ്മളെ കൊല്ലുക എന്നോർത്ത് പേടിക്കുകയും വേണ്ട പറഞ്ഞത് കേട്ട് മറ്റുള്ള മൃഗങ്ങളും ഇതിന് സമ്മതിച്ചു കുരങ്ങൻ പറഞ്ഞു ശരി ഞങ്ങൾ അതിന് സമ്മതിച്ചു എന്നായാലും ഒരു ദിവസം അതിൻറെ ഇരയാകും അത് എന്ന് ആണെന്ന് അറിഞ്ഞാൽ അതുവരെ സമാധാനമായി ജീവിക്കാം അങ്ങനെ പറഞ്ഞതിനുശേഷം ആ ചെന്നായ സിംഹത്തിന്റെ അടുത്ത് ചെന്ന് അവിടെ നടന്നതെല്ലാം പറഞ്ഞു അത് കേട്ട് സിംഹം ചെന്നായോട് പറഞ്ഞു ശരി ശരി ഞാൻ നിങ്ങളുടെ രാജാവല്ലേ അതുകൊണ്ട് നീ പറയുന്നത് ഞാൻ സ്വീകരിക്കും നിങ്ങളെ ഞാൻ മാനിക്കുന്നു പക്ഷേ ഒരു കാര്യം ഓർമ്മയിലിരിക്കട്ടെഎന്നെങ്കിലും എനിക്ക് ഭക്ഷണം കിട്ടാൻ താമസിച്ചാൽ ഞാൻ നിങ്ങളെ വെറുതെ വിടില്ല എല്ലാവരെയും ഞാൻ ഒറ്റയടിക്ക് തിന്നു കളയും എന്ന് അഹങ്കാരത്തോടെ സിംഹം പറഞ്ഞു പറഞ്ഞതിന് ചെന്നായ തലവണങ്ങി സമ്മതിക്കുകയും ചെയ്തു അന്നുമുതൽ ഓരോ ദിവസവും ഓരോ മൃഗം സിംഹത്തിന്റെ ഗുഹയിലേക്ക് ഇരയായി ചെന്നു അന്നുമുതൽ സിംഹവും തൻറെ ഇരയെ സന്തോഷത്തോടെ ഭക്ഷിച്ചു അലഞ്ഞു തിരഞ്ഞു വേട്ടയാടണ്ട ആവശ്യം ഇല്ലല്ലോ എന്ന് ഓർത്ത സിംഹം ഗുഹയ്ക്കുള്ളിൽ നിന്ന് തന്റെ ഇരയെ സന്തോഷത്തോടെ ഭക്ഷിച്ചു ഇങ്ങനെയുള്ള ഒരു ദിവസം സിംഹത്തിന്റെ ഇരയാവേണ്ട ഒരു മുയൽ കുട്ടി സിംഹത്തിന്റെ ഗുഹയിലേക്ക് പോയി എന്നാൽ ആ മുയൽ കുട്ടി വളരെ ബുദ്ധിശാലിയായിരുന്നു



അതിന് സിംഹത്തിന് ഇരയാവാൻ യാതൊരു
താൽപര്യവും ഇല്ലായിരുന്നു അത് മാത്രമല്ല തന്റെ
കാട്ടിൽ ഉണ്ടായിരുന്ന എല്ലാ മൃഗങ്ങളെയും സിംഹം
തനിക്ക് ഇരയാക്കുന്നല്ലോ ഇതിനൊരു പാഠം
പഠിപ്പിക്കണമെന്ന് ഓർത്ത് മുയൽ കുട്ടി നല്ല ഒരു
ഐഡിയ ഉണ്ടാക്കിയെടുത്തു അതിനുശേഷം
സിംഹത്തിന്റെ ഗുഹയിലേക്ക് ആ മുയൽ കുട്ടി
പോയി സമയം വൈകി വന്ന തന്റെ ഇരയെ കണ്ടു
സിംഹം ഒരുപാട് ദേഷ്യപ്പെട്ടു സിംഹം മുയലിനോട്
പറഞ്ഞുഞാൻ നേരത്തെ പറഞ്ഞതല്ലേ
കൃത്യസമയത്ത് ഇവിടെ വരണം എന്ന് നിങ്ങൾ
എനിക്ക് തന്ന വാക്കു പാലിച്ചില്ല അതുകൊണ്ട്
ഞാനും നിങ്ങൾക്ക് തന്ന വാക്ക് തെറ്റിക്കാൻ
പോകുന്നു നിങ്ങളെ എല്ലാവരെയും ഞാൻ ഒരുമിച്ച്
കൊല്ലും എന്ന് വളരെ ദേഷ്യത്തോടെ ആ സിംഹം
പറഞ്ഞു അതിനു ഭവ്യതയോടെ മുയൽ കുട്ടി
സിംഹത്തോട് പറഞ്ഞു ക്ഷമിക്കണം മഹാരാജാൻ
തെറ്റ് സംഭവിച്ചു പോയി ഞാൻ താമസിച്ചു വന്നതിന്
ഒരു കാരണമുണ്ട് അത് ഞാൻ ആദ്യം പറയാം
അതിനുശേഷം അങ്ങ് എന്നെ കൊന്നു തിന്നോളൂ
അപ്പോൾ ദേഷ്യത്തോടെ
സിംഹം പറഞ്ഞു അത് എന്താണെന്ന് വേഗം പറ
അപ്പോൾ ആ മുയൽ പറഞ്ഞു ഞാൻ അങ്ങയുടെ
ഗുഹയിലേക്ക് വരുമ്പോൾ വഴിയിൽ വെച്ച് ഞാൻ
ഒരു സിംഹത്തെ കണ്ടു ഞാൻ വല്ലാതെ പേടിച്ചു ആ
സിംഹത്തോട് മഹാരാജാവായ അങ്ങയെ കുറിച്ച്
ഞാൻ പ്രശംസിച്ചു പറഞ്ഞു പക്ഷേ ആ സിംഹം
അങ്ങയെക്കുറിച്ച് വളരെ തെറ്റായി സംസാരിച്ചു
അതുകൊണ്ട് എനിക്ക് ഒരുപാട് ദേഷ്യം വന്നു
എൻറെ കാടിൻറെ രാജാവായ അങ്ങയെ കുറിച്ച്
എന്തിനാണ് ഇങ്ങനെ തെറ്റായത് പറയുന്നതെന്ന്
ഞാൻ ചോദിച്ചു അതിന് ആ സിംഹം ദേഷ്യപ്പെട്ട്
എന്നെ കൊല്ലാൻ വന്നു എന്നെ കൊന്നാൽ എൻറെ
മഹാരാജാവ് നിന്നെ വെറുതെ വിടില്ലെന്ന് ഞാനാ
സിംഹത്തോട് പറഞ്ഞു




അതിന് ആ സിംഹം എന്നോട്
നിൻറെ മഹാരാജാവ് ഒരു മണ്ടനാ മുടിയനാ ഇരുന്നയിടത്ത്
ഇരുന്നുകൊണ്ട് തന്നെ ഇരയെ തിന്നുവാണോ നിൻറെ
മഹാരാജാവിനോട്എന്നോട് നേരിട്ട് മത്സരിക്കാൻ
പറഅപ്പോൾ ഞാൻ എൻറെ ശക്തി മനസ്സിലാക്കി
കൊടുക്കാം ധൈര്യമുണ്ടെങ്കിൽ അടുത്തേക്ക് വരാൻ പറ
എന്ന് മോശമായി പറഞ്ഞു അതിൻ ഞാൻ പറഞ്ഞു നിനക്ക്
ധൈര്യമുണ്ടെങ്കിൽ ഈ കാര്യം നീ എൻറെ മഹാരാജാവിനോട്
നേരിട്ട് പറ അതിന് ആ സിംഹം ഞാൻ എന്തിനു വരണം
ധൈര്യമുണ്ടെങ്കിൽ നിൻറെ മഹാരാജാവിനോട് എൻറെ
അടുത്തേക്ക് വരാൻ പറ അതുകൊണ്ടാണ് മഹാരാജാവേ
ഞാൻ ലേറ്റ് ആയത് എന്ന് മുയൽ കുട്ടി പറഞ്ഞു ഇത് കേട്ട
സിംഹം വല്ലാതെ ദേഷ്യപ്പെട്ടു എന്നിട്ട് സിംഹം പറഞ്ഞു വാ
ഇപ്പോൾ തന്നെ പോകാം അവനെ ഒരു കൈ നോക്കിയിട്ട്
തന്നെ കാര്യം
എന്നും പറഞ്ഞ് സിംഹം പുറപ്പെടാൻ തയ്യാറായി അങ്ങനെ
മുയൽ കുട്ടി കാടിനടുത്തുള്ള ഒരു കിണറിനടുത്തേക്ക്
കൊണ്ടുവന്നു എന്നിട്ട് മുയൽ സിംഹത്തോട് പറഞ്ഞു
മഹാരാജാവേ അതിനുള്ളിലേക്ക് എത്തി നോക്കൂ
അതിനുള്ളിലാണ് ആ സിംഹം ഉള്ളത് അങ്ങ് ആരാണെന്ന്
അവനെ കാണിക്ക് മഹാരാജാവേ അങ്ങനെ വളരെ
ദേഷ്യത്തോടെ സിംഹം കിണറ്റിലേക്ക് എത്തിനോക്കി
അപ്പോൾ ആ സിംഹത്തിന്റെ നിഴൽ വെള്ളത്തിൽ വന്നു
സിംഹം ഗർജിച്ചു അപ്പോൾ ആ നിഴലിലും അതുപോലെ വന്നു
അപ്പോൾ മുയൽ പറഞ്ഞു അങ്ങയുടെ കൂടെ തന്നെ ആ
സിംഹവും ഗർജിക്കുന്നു ഇത് കേട്ട സിംഹത്തിന് ദേഷ്യം
കൂടുതലായി അങ്ങനെ സിംഹം ദേഷ്യം സഹിക്കാൻ
പറ്റാതെ കിണറ്റിലേക്ക് എടുത്തുചാടി വെള്ളത്തിൽ ഒരു
സിംഹവും ഉണ്ടായിരുന്നില്ല പുറത്തുവരാൻ അറിയാതെ ആ
സിംഹം വെള്ളത്തിൽ മുങ്ങി മരിച്ചു ആ മുയൽ കുട്ടി
കാട്ടിലുള്ള മുഴുവൻ മൃഗങ്ങളെയും രക്ഷപ്പെടുത്തി



ഇതിലുള്ള ഗുണപാഠം സ്വന്തം ബുദ്ധി ഉപയോഗിച്ച് നമ്മൾ
നമ്മളെ തന്നെ രക്ഷിക്കണം

# അമ്മ കുരുവിയുടെ വീട്



പണ്ട് പണ്ടൊരു കാട്ടിൽ ഒരു വലിയ പുഴ ഉണ്ടായിരുന്നു. ഈ പുഴയിലായിരുന്നു ഒരു ആമ താമസിച്ചിരുന്നത്. ഈ ആമ പുഴയിലും തീരത്തുമായി കളിച്ചുല്ലസിച്ചു കഴിഞ്ഞിരുന്നു.
അങ്ങനെയിരിക്കെയാണ് പുഴയുടെ തീരത്തുള്ള മരത്തിൽ ഒരു കുരുവി കൂട് ഉണ്ടാക്കുന്നത് ആമ കണ്ടത്. ഉണങ്ങിയ ചെറിയ കമ്പുകളും ഇലകളും നാരുകളുമൊക്കെ കൊണ്ട് അമ്മക്കുരുവി ദിവസങ്ങളെടുത്തു തന്റെ കൂട് നിർമ്മാണം പൂർത്തിയാക്കി. ആ വീട്ടിൽ താമസവും തുടങ്ങി.

അച്ഛൻക്കുരുവിയും അമ്മക്കുരുവിയും തന്റെ മൂന്ന് കുഞ്ഞുക്കുരുവികളും ഒക്കെയായി അവർ ആ വീട്ടിൽ കഴിഞ്ഞു
അമ്മക്കുരുവിയുമായി ആമ പെട്ടെന്നുതന്നെ ചങ്ങാത്തത്തിലായി. ദിവസവും പുഴക്കരയിൽ അവർ സംസാരിച്ചിരിക്കുമായിരുന്നു. ഒരു ദിവസം സംസാരത്തിനിടയിൽ ആമ അമ്മക്കുരുവിയുടെ വീടിനെക്കുറിച്ച് പറഞ്ഞു.
നിങ്ങൾക്ക് വീടുണ്ടാക്കാൻ എന്തൊരു ബുദ്ധിമുട്ടാണ്. കമ്പുകളും ഇലകളും നാരുകളും ശേഖരിക്കുവാൻ തന്നെ ദിവസങ്ങൾ വേണ്ടി വരുന്നു. ഇതെല്ലാം കഴിഞ്ഞ് വീടുണ്ടാക്കി കഴിയുമ്പോഴോ അത് കാണാൻ ഒരു ഭംഗിയുമില്ല. മാത്രമല്ല മേൽക്കൂര ഒന്നുമില്ലാത്തതു കൊണ്ട് മഴപെയ്താൽ നനയുകയും ചെയ്യും ഇതുകേട്ട അമ്മക്കുരുവി ചിരിച്ചു. എന്നാൽ ആമ വീണ്ടും പറഞ്ഞുകൊണ്ടിരുന്നു.



എനിക്ക് നിങ്ങളെപ്പോലെ കൂടുണ്ടാക്കുകയൊന്നും വേണ്ട.
എന്റെ പുറംതോട് തന്നെയാണ് എന്റെ കൂട്.
മഴപെയ്യുമ്പോൾ ഞാനതിൽ അഭയം തേടും
ഇതു കേട്ടപ്പോൾ അമ്മക്കുരുവി തന്റെ സുഹൃത്തായ
ആമയോട് പറഞ്ഞു.

“നീ പറഞ്ഞത് ശരിയാണ്. ഞങ്ങൾ വളരെ ബുദ്ധിമുട്ടിയാണ് വീട് പണിയുന്നത്. മാത്രമല്ല എന്റെ വീട് കാണാൻ ഭംഗി ഇല്ലാത്തതുമാണ്. കൂടാതെ മഴ പെയ്യുമ്പോൾ നനയുകയും ചെയ്യും.'പക്ഷേ വളരെ കഷ്ടപെട്ട് ഉണ്ടാക്കുന്ന ഈ വീട്ടിൽ ഞാൻ മാത്രമല്ല താമസിക്കുന്നത്. ഞാനും എന്റെ കുഞ്ഞുങ്ങളും അവരുടെ അച്ഛനും എല്ലാവരും വളരെ സന്തോഷത്തോടെയാണ് താമസിക്കുന്നത്. നിന്റെ പുറംതോട് നിനക്ക് വീടുപോലെ അഭയം തരും പക്ഷേ അതിൽ നിനക്ക് മാത്രമേ കഴിയാൻ സാധിക്കൂ. ഒറ്റയ്ക്ക് ഒരു വീട്ടിൽ കഴിയുന്നതിനേക്കാൾ നല്ലതല്ലേ എല്ലാവരും ഒരുമിച്ചുള്ള വീട്ടിൽ സന്തോഷത്തോടെ കഴിയുന്നത്."


അമ്മക്കുരുവിയുടെ മറുപടി കേട്ട ആമ ഒരു നിമിഷം ചിന്തിച്ചു. എന്നിട്ട് പറഞ്ഞു
നീ പറഞ്ഞത് ശരിയാണ്. എന്നോട് ക്ഷമിക്കൂ. ഒരു വലിയ വീടുണ്ടാകുക എന്നതല്ല, ആ വീട് എല്ലാവർക്കും ഒരുമിച്ച് സന്തോഷത്തോടെ താമസിക്കാൻ കഴിയുന്നതാക്കുക എന്നതാണ് പ്രധാനം."



അങ്ങനെ ആമയ്ക്ക് വീടിനെക്കുറിച്ചുള്ള തന്റെ തെറ്റിദ്ധാരണകൾ എല്ലാം മാറി. അമ്മക്കുരുവിയും ആമയും നല്ല സുഹൃത്തുക്കളായി ഒരുപാട് കാലം അവിടെ കഴിഞ്ഞു.

"ഗുണപാഠം "

"ഏകാന്തമായ ഒരു മാളികയേക്കാൾ നല്ലതു എല്ലാവരും സന്തോഷത്തോടെ ഒരുമിച്ചു കഴിയുന്ന കുടിലാണ് "



# വേട്ടക്കാരനും



# 4സുഹൃത്തുക്കളും

പണ്ടു പണ്ടൊരു കാട്ടിൽ നാല് സുഹൃത്തുക്കൾ വസിച്ചിരുന്നു. കാക്ക, മാൻ, ആമ, ചുണ്ടെലി എന്നിവരായിരുന്നു ആ നാല് സുഹൃത്തുക്കൾ. അവർ എന്നും വൈകുന്നേരം കാട്ടിലെ ഒരു മരത്തിന്റെ ചുവട്ടിൽ ഒത്തു കൂടുമായിരുന്നു. പരസ്പരം വിശേഷങ്ങൾ പങ്കുവച്ചും തമാശകൾ പറഞ്ഞും അവർ സമയം ചിലവഴിച്ചു. എന്തൊക്കെ തിരക്കുണ്ടെങ്കിലും ദിവസവും അവർ ഇതിനായി സമയം മാറ്റിവച്ചു. അതിനൊരു മുടക്കവും വരുത്തിയിരുന്നില്ല. അങ്ങനെ അവർ പരസ്പരം സ്നേഹിച്ചു ആ കാട്ടിൽ കഴിഞ്ഞു. അങ്ങനെയിരിക്കെ ഒരു ദിവസം പതിവു പോലെ അവർ ആ മരത്തിന്റെ ചുവട്ടിൽ ഒത്തുകൂടി. എന്നാൽ മാൻ മാത്രം അവിടെ എത്തിയില്ല. അവർ മാനിനെയും പ്രതീക്ഷിച്ചു ഒരുപാട് നേരം അവിടെ നിന്നു. സമയം വൈകുന്തോറും തങ്ങളുടെ സുഹൃത്തിന് എന്തെകിലും അപകടം ഉണ്ടായോ എന്നവർ ഭയന്നു. അപ്പോൾ കാക്ക പറഞ്ഞു
ഞാനൊരു കാര്യം ചെയ്യാം, പറന്നു പോയി കാട്ടിലൊക്കെ മാനിനെ അന്വേഷിച്ചിട്ട് വരാം. തീർച്ചയായും അവനു എന്തോ അപകടം സംഭവിച്ചിട്ടുണ്ട്."

ഇതും പറഞ്ഞു കാക്ക പറന്നു പോയി. എന്നിട്ട് അവൻ ആ കാടു മുഴുവൻ മാനിനെ അന്വേഷിച്ചു. അപ്പോൾ അതാ കുറ്റിക്കാട്ടിൽ ഒരു വേടൻ വിരിച്ച വലയിൽ കുടുങ്ങിയ നിലയിൽ കാക്ക മാനിനെ കണ്ടു. കാക്കയെ കണ്ടതും മാൻ പറഞ്ഞു
സുഹൃത്തേ, എന്നെ എത്രയും പെട്ടന്ന് ഇവിടെ നിന്നു രക്ഷിക്കൂ. വേടൻ ഏതു നിമിഷവും ഇവിടെ വരാം. അതിനു മുൻപ് ഏതു വിധേനയും എന്നെ ഈ വലയിൽ നിന്നു പുറത്തു കടക്കാൻ സഹായിക്കണം."

ഇതു കേട്ടതും കാക്ക പറഞ്ഞു
സുഹൃത്തേ, നീ പേടിക്കാതിരിക്കൂ. ഞാൻ പോയി മറ്റുള്ളവരോട് വിവരം അറിയിക്കട്ടെ. ഉറപ്പായിട്ടും നിന്നെ ഇവിടെ നിന്നു രക്ഷിക്കാൻ ഒരു ഉപായവുമായി ഞാൻ മടങ്ങി വരുന്നതാണ്."

ഇതും പറഞ്ഞു കാക്ക പറന്നു പോയി തന്റെ സുഹൃത്തുക്കളോട് നടന്ന സംഭവം വിവരിച്ചു. ഇതു കേട്ടു കൊണ്ടിരുന്ന ചുണ്ടെലി ഉടനെ കാക്കയോട് പറഞ്ഞു
സുഹൃത്തേ, എത്രയും വേഗം മാൻ കുടുങ്ങി കിടക്കുന്ന സ്ഥലം ഏതാണെന്ന് പറയൂ. ഞാൻ അവിടെ എത്തി ആ വലയുടെ കണ്ണികൾ കടിച്ചു മുറിച്ചു മാനിനെ വലയിൽ നിന്ന് രക്ഷിക്കുന്നതായിരിക്കും."

ഇതു കേട്ടതും കാക്ക എലിയോട് പറഞ്ഞു
"മാൻ കുടുങ്ങി കിടക്കുന്ന സ്ഥലം ഇവിടെ നിന്നും അല്പം അകലെയാണ്. നീ അവിടെ എത്തുമ്പോഴേക്കും വേടൻ വന്നു മാനിനെ കൊണ്ടു പോയിരിക്കും."അപ്പോൾ ആമ കാക്കയോട് പറഞ്ഞു
നീ പറയുന്നത് ശരിയാണ് നമ്മുടെ പക്കൽ അത്രയും സമയം ഇല്ല. ഒരു കാര്യം ചെയ്യൂ, എത്രയും വേഗം എലിയെ നിന്റെ പുറത്തു കയറ്റി അവിടേക്ക് കൊണ്ടു പോകൂ. ഞാൻ പുറകേ വന്നു കൊള്ളാം."

ഇതു കേട്ടതും കാക്ക പറഞ്ഞു
"ഇതു തീർച്ചയായും നല്ല ആശയമാണ്. നമുക്ക് അങ്ങനെ തന്നെ ചെയ്യാം ഉടൻ തന്നെ കാക്ക ചുണ്ടെലിയെയും തന്റെ പുറത്തു കയറ്റി മാനിന്റെ അടുത്തേക്ക് പറന്നു. തന്റെ സുഹൃത്തുക്കളെ കണ്ട മാനിന് വളരെയധികം സന്തോഷമായി ചുണ്ടെലി ഒട്ടും സമയം കളയാതെ വലക്കണ്ണികൾ ഓരോന്നായി മുറിക്കാൻ തുടങ്ങി. കാക്ക വേടൻ വരുന്നുണ്ടോ എന്നു നോക്കാനായി പറന്നു മരക്കൊമ്പിൽ പോയി ഇരുന്നു. അപ്പോഴേക്കും ആമയും ഇഴഞ്ഞു അവിടെ എത്തി. എത്രയും പെട്ടന്ന് എലി വലക്കണ്ണികൾ കടിച്ചു മുറിച്ചു മാനിനെ സ്വതന്ത്രമാക്കി. അപ്പോഴായിരുന്നു വേടന്റെ വരവ്. വേടൻ വരുന്നത് കണ്ട കാക്ക സുഹൃത്തുക്കൾക്ക് മുന്നറിയിപ്പും നൽകി ദൂരെയുള്ള മരക്കൊമ്പിൽ ഒളിച്ചു. മാൻ ഓടി അടുത്തുള്ള കുറ്റിക്കാട്ടിൽ ഒളിച്ചു. എലി അടുത്തു കണ്ട ഒരു മാളത്തിലും ഒളിച്ചു.

എന്നാൽ പാവം ആമയ്ക്ക് പതിയെ ഇഴഞ്ഞു നീങ്ങാനെ കഴിഞ്ഞുള്ളൂ. മാനിനായി വല വിരിച്ചിരുന്നിടത്ത് എത്തിയ വേടൻ പൊട്ടി കിടന്ന വല കണ്ടു ഞെട്ടി. അപ്പോൾ വേടൻ പറഞ്ഞു ഇതെങ്ങനെ സംഭവിച്ചു? ഇത്രയും വലിയ വല എങ്ങനെയാണ് ഒരു മാൻ പൊട്ടിച്ചത്? ഇന്ന് വെറും കൈയോടെ മടങ്ങേണ്ടി വരുമല്ലോ."

അപ്പോഴാണ് പതിയെ ഇഴഞ്ഞു നീങ്ങുന്ന ആമ വേടന്റെ ശ്രദ്ധയിൽപ്പെട്ടത്. ആമയെ കണ്ട വേടന് സന്തോഷമായി. അപ്പോൾ വേടൻ മനസ്സിൽ കരുതി
മാനിനെ കിട്ടിയില്ലെങ്കിൽ എന്താ ഇന്നത്തേക്ക് ആമയെ കിട്ടിയല്ലോ. തൽക്കാലം ഇന്ന് ആമയെ കൊണ്ട് തൃപ്തിപ്പെടാം." അങ്ങനെ വേടൻ ആമയെ പിടിച്ചു തന്റെ കൈയിൽ കരുതിയ സഞ്ചിയിൽ ഇട്ടു. അതിനെയും കൊണ്ട് യാത്രയായി. ആമയെ വേടൻ കൊണ്ടു പോകുന്നത് കണ്ട ആ സുഹൃത്തുക്കൾ വളരെയധികം വിഷമിച്ചു. ആമയെ എങ്ങോട്ടാണ് കൊണ്ടു പോകുന്നതെന്നു അറിയാൻ കാക്ക വേടനെ പിന്തുടർന്നു. കുറേയധികം യാത്ര ചെയ്തപ്പോൾ ക്ഷീണിതനായ വേടൻ ഒരു തടാകത്തിന്റെ കരയിൽവിശ്രമിക്കാനായി സഞ്ചിയും താഴെ വച്ചു കിടന്നു. ഈ സമയം കാക്ക പറന്നു ചെന്ന് തന്റെ സുഹൃത്തുക്കളെ വിവരമറിയിക്കുകയും ആമയെ രക്ഷിക്കാൻ അവർ ഒരു പദ്ധതി തയ്യാറാക്കുകയും ചെയ്തു
ആ പദ്ധതി പ്രകാരം മാൻ തടാകത്തിനു കുറച്ചു അകലെയായി ചത്തതു പോലെ കിടന്നു. എലി അടുത്തുള്ള മരപൊത്തിൽ ഒളിച്ചിരുന്നു. കാക്ക മാനിന്റെ അടുത്തായി ഒരു മരക്കൊമ്പിൽ ഇരുന്നു. ക്ഷീണം തീർത്തു എണീറ്റ വേടൻ കുറച്ചകലെയായി കിടക്കുന്ന മാനിനെ കണ്ടു. അയാൾക്ക് തന്റെ കണ്ണുകളെ വിശ്വസിക്കാനായില്ല. അയാൾ പതിയെ പതിയെ മാൻ കിടന്നിടത്തേക്കു പോയി.

എന്നാൽ പാവം ആമയ്ക്ക് പതിയെ ഇഴഞ്ഞു നീങ്ങാനെ കഴിഞ്ഞുള്ളൂ. മാനിനായി വല വിരിച്ചിരുന്നിടത്ത് എത്തിയ വേടൻ പൊട്ടി കിടന്ന വല കണ്ടു ഞെട്ടി. അപ്പോൾ വേടൻ പറഞ്ഞു ഇതെങ്ങനെ സംഭവിച്ചു? ഇത്രയും വലിയ വല എങ്ങനെയാണ് ഒരു മാൻ പൊട്ടിച്ചത്? ഇന്ന് വെറും കൈയോടെ മടങ്ങേണ്ടി വരുമല്ലോ."

അപ്പോഴാണ് പതിയെ ഇഴഞ്ഞു നീങ്ങുന്ന ആമ വേടന്റെ ശ്രദ്ധയിൽപ്പെട്ടത്. ആമയെ കണ്ട വേടന് സന്തോഷമായി. അപ്പോൾ വേടൻ മനസ്സിൽ കരുതി
മാനിനെ കിട്ടിയില്ലെങ്കിൽ എന്താ ഇന്നത്തേക്ക് ആമയെ കിട്ടിയല്ലോ. തൽക്കാലം ഇന്ന് ആമയെ കൊണ്ട് തൃപ്തിപ്പെടാം." അങ്ങനെ വേടൻ ആമയെ പിടിച്ചു തന്റെ കൈയിൽ കരുതിയ സഞ്ചിയിൽ ഇട്ടു. അതിനെയും കൊണ്ട് യാത്രയായി. ആമയെ വേടൻ കൊണ്ടു പോകുന്നത് കണ്ട ആ സുഹൃത്തുക്കൾ വളരെയധികം വിഷമിച്ചു. ആമയെ എങ്ങോട്ടാണ് കൊണ്ടു പോകുന്നതെന്നു അറിയാൻ കാക്ക വേടനെ പിന്തുടർന്നു. കുറേയധികം യാത്ര ചെയ്തപ്പോൾ ക്ഷീണിതനായ വേടൻ ഒരു തടാകത്തിന്റെ കരയിൽവിശ്രമിക്കാനായി സഞ്ചിയും താഴെ വച്ചു കിടന്നു. ഈ സമയം കാക്ക പറന്നു ചെന്ന് തന്റെ സുഹൃത്തുക്കളെ വിവരമറിയിക്കുകയും ആമയെ രക്ഷിക്കാൻ അവർ ഒരു പദ്ധതി തയ്യാറാക്കുകയും ചെയ്തു
ആ പദ്ധതി പ്രകാരം മാൻ തടാകത്തിനു കുറച്ചു അകലെയായി ചത്തതു പോലെ കിടന്നു. എലി അടുത്തുള്ള മരപൊത്തിൽ ഒളിച്ചിരുന്നു. കാക്ക മാനിന്റെ അടുത്തായി ഒരു മരക്കൊമ്പിൽ ഇരുന്നു. ക്ഷീണം തീർത്തു എണീറ്റ വേടൻ കുറച്ചകലെയായി കിടക്കുന്ന മാനിനെ കണ്ടു. അയാൾക്ക് തന്റെ കണ്ണുകളെ വിശ്വസിക്കാനായില്ല. അയാൾ പതിയെ പതിയെ മാൻ കിടന്നിടത്തേക്കു പോയി.

ആ സമയം എലി ആമയെ വച്ചിരുന്ന സഞ്ചി കടിച്ചു മുറിക്കാൻ തുടങ്ങി. വേടൻ അടുത്ത് എത്താറായതും കാക്ക മരക്കൊമ്പിൽ നിന്നും പറന്നുയർന്നു മാനിന് വേടൻ അടുത്തെത്തിയതിന്റെ സൂചന നൽകി. അവൻ ഉടൻ തന്നെ എണീറ്റു പതിയെ ഓടാൻ തുടങ്ങി. വേടനും പുറകേ ഓടി. ആമയ്ക്ക് ഇഴഞ്ഞു രക്ഷപ്പെടാനുള്ള സമയം ഉണ്ടാക്കി കൊടുക്കാനാണ് മാൻ ഇപ്രകാരം ചെയ്തത്.
സഞ്ചിയിൽ നിന്നും പുറത്തിറങ്ങിയ ആമ അടുത്തുള്ള കുറ്റിക്കാട്ടിൽ ഒളിച്ചു. ആമ രക്ഷപ്പെട്ടു എന്നു ഉറപ്പായപ്പോൾ മാൻ തന്റെ ഓട്ടത്തിന്റെ വേഗത വർധിപ്പിച്ചു. അവൻ ഉൾക്കാട്ടിലേക്ക് ഓടി രക്ഷപ്പെട്ടു. ഇനി മാനിന്റെ പുറകെ ഓടിയിട്ട് കാര്യമില്ല എന്നു മനസ്സിലാക്കിയ വേടൻ തിരികെ തന്റെ സഞ്ചിയിരുന്നിടത്തു എത്തി. അവിടെ കടിച്ചുമുറിക്കപ്പെട്ട വെറും സഞ്ചിയാണ് വേടൻ കണ്ടത് അവൻ ചുറ്റും നോക്കി ആമയെ അവിടെയെങ്ങും കണ്ടില്ല. വേടൻ നിരാശയോടെ പറഞ്ഞു

"ആദ്യം മാനിനായി വല വിരിച്ചു അതിനെ കിട്ടിയില്ല. പകരം ഒരു ആമയെയാണ് കിട്ടിയത്. എന്നാൽ ഇപ്പോൾ കൈയിൽ കിട്ടിയ ആമയും നഷ്ടപ്പെട്ടു."
അപ്പോഴേക്കും സമയം ഏറെ വൈകിയിരുന്നു. മറ്റൊരു വഴിയുമില്ലാതെ ഒഴിഞ്ഞ സഞ്ചിയുമായി വേടന് തന്റെ വീട്ടിലേക്കു മടങ്ങേണ്ടി വന്നു
അങ്ങനെ ആ നാലു സുഹൃത്തുക്കളും വേടന്റെ കൈയിൽ നിന്നും രക്ഷപ്പെട്ടു. വീണ്ടും പഴയതു പോലെ അവർ എന്നും വൈകുന്നേരങ്ങളിൽ ആ മരത്തിന്റെ ചുവട്ടിൽ ഒത്തു കൂടുകയും സ്നേഹത്തോടെ ഒരുപാട് കാലം ആ കാട്ടിൽ കഴിയുകയും ചെയ്തു

# ഗുണപാഠം

"എന്തൊക്കെ പരിമിതികളുണ്ടെങ്കിലും ഒത്തൊരുമ ഉണ്ടെങ്കിൽ ഏതു പ്രതിസന്ധി ഘട്ടത്തെയും അതിജീവിക്കാൻ നമുക്ക് സാധിക്കുന്നതാണ്



# *Thank You*

**- Mubashir , Sahla , Riya , Shahana , Fahmi**